# കമ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)
# പതിനഞ്ചാമത് ലോകസഭ തെരഞ്ഞെടുപ്പ്
# മാനിഫെസ്റ്റോ - 2009

ഭാഗം-1

രാജ്യത്തിന്റെ രാഷ്ട്രീയ ജീവിതത്തിൽ അതിപ്രധാന സംഭവമാണ് ലോക്സഭയിലേക്കുള്ള തെരഞ്ഞെടുപ്പുകള്. ഇപ്പോൾ പതിനഞ്ചാമത്തെ പ്രാവശ്യമാണ് ഒരു പുതിയ സർക്കാരിനെ തെരഞ്ഞെടുക്കാൻ ഇന്ത്യൻ ജനത തയ്യാറെടുക്കുന്നത്.

സ്വാതന്ത്ര്യത്തിനു ശേഷമുള്ള അറുപത് വർഷവും പാർലമെന്റിലേക്കുള്ള പ്രതിനിധികളെ തെരഞ്ഞെടുക്കാനുള്ള തങ്ങളുടെ അവകാശം വിനിയോഗിച്ചുകൊണ്ട് ഇന്ത്യൻ ജനത ജനാധിപത്യ സംവിധാനത്തിനു ജീവൻ പകർന്നിരിക്കുകയാണ്. എന്നിട്ടും ജനങ്ങളുടെ പ്രതീക്ഷകൾ പൂർത്തീകരിക്കപ്പെടാതെ തുടരുകയാണ്. നഗരങ്ങളിലും ഗ്രാമങ്ങളിലുമുള്ള സമ്പന്നർ `വികസന'ത്തിന്റെ ഗുണഫലങ്ങൾ കൊയ്യുകയാണ്. അതേസമയം മഹാഭൂരിപക്ഷം ജനങ്ങളും പട്ടിണിയിലും ദാരിദ്ര്യത്തിലും അധികം അധികം അകപ്പെട്ടിരിക്കുന്നു.

അഭൂതപൂർവമായ ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ ഘട്ടത്തിലാണ് ഈ തെരഞ്ഞെടുപ്പുകൾ നടക്കുന്നത്. ദശലക്ഷക്കണക്കിന് ഇന്ത്യക്കാരുടെ തൊഴിലുകളും ജീവിതമാർഗങ്ങളും അപകടത്തിലായിരിക്കുകയാണ്. ജനങ്ങളുടെ സാമ്പത്തിക പുരോഗതിയും സാമൂഹികക്ഷേമവും അനിശ്ചിതത്വത്തിലായിരിക്കുകയാണ്.

വിനാശകരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചുകൊണ്ട് ആറുവർഷക്കാലം രാജ്യംഭരിച്ച ബിജെപി നേതൃത്വത്തിലുള്ള എൻഡിഎ കൂട്ടുകെട്ടിനെ 2004 മെയ്മാസത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ ജനങ്ങൾ നിരാകരിച്ചു. ബിജെപിയെയും വർഗീയശക്തികളെയും അധികാരത്തിൽനിന്നു അകറ്റിനിർത്താൻ സിപിഐ (എം) പ്രതിജ്ഞാബദ്ധമായിരുന്നു. അതുപ്രകാരം, കേന്ദ്രത്തിൽ ഒരു മതനിരപേക്ഷ സർക്കാർ രൂപീകരിക്കപ്പെടുന്നതിനുവേണ്ടി സിപിഐ (എം)ഉം ഇടതുപക്ഷ പാർടികളും കോൺഗ്രസ് നേതൃത്വത്തിലുള്ള യുപിഎ സഖ്യത്തിന് പിന്തുണ നൽകി. യുപിഎ സർക്കാർ അവരുടെ തന്നെ പൊതുമിനിമം പരിപാടി നടപ്പിലാക്കുമെന്ന ധാരണയുടെ അടിസ്ഥാനത്തിലാണ് അവർക്ക് പിന്തുണ നൽകിയത്.

പൊതുമിനിമം പരിപാടിയിൽ നൽകിയിരുന്ന ജനക്ഷേമകരമായ വാഗ്ദാനങ്ങൾ യുപിഎ സർക്കാർ പാലിക്കുന്നു എന്ന് ഉറപ്പാക്കാൻ സിപിഐ (എം)ഉം ഇടതുപക്ഷ പാർടികളും നിതാന്ത ജാഗ്രതയോടെ പ്രവർത്തിച്ചു. ഇടതുപക്ഷത്തിന്റെ നിരന്തരമായ സമ്മർദ്ദത്തിന്റെ ഫലമായി മാത്രമാണ് ഗ്രാമീണ തൊഴിലുറപ്പ് നിയമവും ഗോത്രവർഗങ്ങൾക്കുള്ള വനാവകാശബില്ലും പോലുള്ള നിയമനിർമ്മാണങ്ങൾക്കുപോലും അവർ തയ്യാറായത്. സിഎംപിയിലെ വാഗ്ദാനങ്ങൾ നിറവേറ്റുന്നതിനായി കൃഷിക്കും വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും കൂടുതൽ തുക വകയിരുത്താൻ സിപിഐ (എം) നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരുന്നു. വർഗീയശക്തികളെ തകർക്കാനും മതേതര മൂല്യങ്ങൾ ശക്തിപ്പെടുത്താനും വേണ്ട നടപടികൾ കൈക്കൊള്ളാൻ സിപിഐ (എം) ശക്തിയായി ആവശ്യപ്പെട്ടു; ഒരു സ്വതന്ത്ര വിദേശ നയം പിന്തുടരണമെന്ന് സിപിഐ (എം) ഊന്നിപ്പറഞ്ഞിരുന്നു.

എന്നാല്, കോൺഗ്രസ് നേതൃത്വത്തിലുള്ള സർക്കാർ സിഎംപിയിലെ ധാരണകളിൽ ഉറച്ചുനിൽക്കാൻ

സന്നദ്ധമായില്ല. ജനവിരുദ്ധ നവലിബറൽ നയങ്ങളുമായി മുന്നോട്ടുപോകുന്നതിലായിരുന്നു അവർക്ക് താൽപര്യം. സ്വതന്ത്ര വിദേശനയം പിന്തുടരുമെന്ന വാഗ്ദാനവും അവർ ലംഘിച്ചു.

അവയുടെ ഫലങ്ങൾ ഇപ്പോൾ എല്ലാവർക്കും കാണാവുന്നതാണ്. കോൺഗ്രസ് നേതൃത്വത്തിലുള്ള യുപിഎ സർക്കാരിന്റെ 5 വർഷത്തെ ഭരണം സമൂഹത്തിലെ വേർതിരിവ് വർദ്ധിപ്പിക്കുന്നതിനിടയാക്കി. സമ്പന്നർ അതിസമ്പന്നരായി മാറിയപ്പോൾ ദരിദ്രർ കൂടുതൽ ദാരിദ്ര്യം അനുഭവിക്കുന്ന സ്ഥിതിയിലായി.

നവലിബറൽ സാമ്പത്തിക നയങ്ങൾ തലതിരിഞ്ഞ വളർച്ചയാണ് സൃഷ്ടിച്ചത്; അതേ തുടർന്ന് കാർഷിക പ്രതിസന്ധി, വിലക്കയറ്റം, തൊഴിലില്ലായ്മ, വേതനം വെട്ടിക്കുറയ്ക്കൽ എന്നിവയെല്ലാം രൂക്ഷമായി.
വർഗീയശക്തികൾ തങ്ങളുടെ വിഘടനപരവും അക്രമാസക്തവുമായ നടപടികൾ തുടർന്നു. ഇതിനു സമാന്തരമായി ഭീകരാക്രമണങ്ങളും ഈ നാട്ടിൽ വ്യാപകമായി. അസമമായ ഇന്ത്യ-അമേരിക്ക ആണവകരാറിൽ ഒപ്പിട്ടുകൊണ്ട് അമേരിക്കയുമായി തന്ത്രപരമായ സഖ്യത്തിലേർപ്പെടുകയും അങ്ങനെ നമ്മുടെ സ്വതന്ത്ര വിദേശനയത്തെ തകർക്കുകയും ചെയ്ത മൻമോഹൻസിങ് സർക്കാർ തങ്ങളുടെതന്നെ പൊതുമിനിമം പരിപാടിയെ വഞ്ചിച്ചിരിക്കുകയാണ്.

നവലിബറൽ നയങ്ങളുമായും അമേരിക്കയുമായുള്ള തന്ത്രപരമായ സഖ്യവുമായും മുന്നോട്ടുപോകാൻ ദൃഢനിശ്ചയംചെയ്ത ന്യൂനപക്ഷസർക്കാർ പാർലമെന്റിനെത്തന്നെ അവഹേളിക്കുകയും ജനാധിപത്യ നടപടിക്രമങ്ങളോടുള്ള അവരുടെ അവജ്ഞ വെളിപ്പെടുത്തുകയും ചെയ്തു.

കൈക്കൂലിയോടും അഴിമതിയോടുമുള്ള പൊരുത്തപ്പെടലും പൊതുസ്ഥാപനങ്ങളെ ദുരുപയോഗംചെയ്യലും നിലനിൽപിനായി എന്തുംചെയ്യാൻ മടിക്കാത്ത ഈ ഭരണസംവിധാനത്തിന്റെ മുഖമുദ്രയായി മാറി.

സാധാരണ ജനങ്ങളുടെ (ആം ആദ്മി) പേരിൽ പ്രകടിപ്പിക്കപ്പെട്ട എല്ലാ ഉത്കണ്ഠകൾക്കും ഉപരിയായി, അതിസമ്പന്നരെ തടിച്ചുകൊഴുപ്പിക്കുന്നതിനായാണ് യുപിഎ സർക്കാർ രാപകൽ ഭേദമെന്യെ പ്രവർത്തിച്ചത്. 2008 വരെയുള്ള തുടർച്ചയായ നാലുവർഷവും 8.6% വളർച്ച കൈവരിച്ചുവെന്ന് സർക്കാർ ഊറ്റം കൊള്ളുന്നു. ഈ വളർച്ചയുടെ അർത്ഥം എന്താണ്? 2007 വരെ ലോകത്തിൽ ശതകോടീശ്വരന്മാരുടെ വളർച്ചാനിരക്കിൽ ഇന്ത്യ മുൻനിരയിലായിരുന്നു. ലോകത്തിലെ ഏറ്റവും സമ്പന്നരായ 10 ആളുകളിൽ 4 പേരും ഇന്ത്യക്കാരാണ്.

സമ്പന്നമായ പ്രകൃതി വിഭവങ്ങളും വിദഗ്ധരായ മനുഷ്യശേഷിയും ശാസ്ത്ര സാങ്കേതികശേഷിയുമുള്ള രാജ്യമാണ് നമ്മുടേത്. എന്നിട്ടും, വേട്ടക്കാരെ പോലെ മുരത്ത മുതലാളിത്തം നമ്മെ ലോകത്തിലെ ഏറ്റവും മോശപ്പെട്ട മാനവ വികസന സൂചികകളുള്ള സമൂഹമായി അധ:പതിപ്പിച്ചിരിക്കുകയാണ്.

- 23 കോടി ആളുകൾ പോഷകാഹാര ദാരിദ്ര്യം അനുഭവിക്കുന്നു.
- ഇന്ത്യയിലെ സ്ത്രീകളിൽ പകുതിയിൽ ഏറെപ്പേരും വിളർച്ച ബാധിതരാണ്.
- മൂന്നു വയസ്സിൽ താഴെ പ്രായമുള്ള 40% കുട്ടികളും ഭാരക്കുറവ് ഉള്ളവരാണ്.
- 2,19,000 പാർപ്പിടങ്ങളും കുടിക്കാൻ ശുദ്ധജലം ലഭ്യമല്ലാത്തവയാണ്.
- 39 ശതമാനം പ്രായപൂർത്തിയായ ആളുകളും നിരക്ഷരരാണ്.

- 77% ആളുകളും പ്രതിദിനം 20 രൂപയിൽ താഴെ മാത്രം ചെലവഴിച്ച് ജീവിക്കുന്നവരാണ്.
- സംഘടിത വ്യവസായ മേഖലയിലെ കൂലിയുടെ വിഹിതം ലോകത്തിൽ ഏറ്റവും കുറഞ്ഞ രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ.

**കോൺഗ്രസ്-യുപിഎ സംവിധാനത്തിനു കീഴില്:**

- കാർഷിക പ്രതിസന്ധി തുടരുന്നു. കർഷകരുടെ ആത്മഹത്യകൾ അവസാനിച്ചില്ല.
- പൊതുവിതരണ സമ്പ്രദായം പിന്നെയും ദുർബലമായി. വലിയൊരു വിഭാഗം ദരിദ്രരെ ബിപിഎൽ വിഭാഗത്തിൽ നിന്ന് ഒഴിവാക്കി. 52% കർഷകത്തൊഴിലാളി കുടുംബങ്ങളും പൊതുവിതരണ സംവിധാനത്തിന് പുറത്താണ്. എപിഎൽ വിഭാഗത്തിനുള്ള വിഹിതം ഗണ്യമായി വെട്ടിക്കുറച്ചിരിക്കുന്നു.

  ഭക്ഷ്യനയം നിർദയവും മനുഷ്യപ്പറ്റില്ലാത്തതുമാണ്. മൂന്നുകോടി ടൺ ഭക്ഷ്യധാന്യങ്ങളാണ് ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്നത്. എന്നാൽ സംസ്ഥാനങ്ങൾക്കുള്ള ഭക്ഷ്യധാന്യവിഹിതം വെട്ടിക്കുറച്ചത് പുന:സ്ഥാപിക്കാൻ കേന്ദ്രസർക്കാർ തയ്യാറല്ല.

**വിലക്കയറ്റം**

എല്ലാ അവശ്യസാധനങ്ങൾക്കും നിരന്തരമായി വില വർദ്ധിക്കുന്നതുകൊണ്ട് ജനങ്ങൾ കടുത്ത ദുരിതത്തിലായിരിക്കുകയാണ്. നാണയപ്പെരുപ്പനിരക്ക് നാല് ശതമാനത്തിലും താഴ്ന്നതായി സർക്കാർ അവകാശപ്പെടുന്നുണ്ടെങ്കിലും ഭക്ഷ്യസാധനങ്ങളുടെ വിലകൾ 10 ശതമാനത്തിലും മേലെയായി വർദ്ധിച്ചത് തുടരുകതന്നെയാണ്. ക്രൂഡ് ഓയിലിൻെറ അന്താരാഷ്ട്ര വില ബാരൽ ഒന്നിന് 40 ഡോളറിലേക്ക് താഴ്ന്നപ്പോള്, 2008 സെപ്തംബറിനും 2009 ഫെബ്രുവരിക്കുമിടയിൽ സ്വകാര്യ എയർലൈനുകളെ സഹായിക്കുന്നതിനായി സർക്കാർ വ്യോമയാന ഇന്ധനത്തിൻെറ വില പതിനൊന്ന് പ്രാവശ്യം കുറച്ചു. എന്നാല്, ഈ കാലത്തിനിടയിൽ പെട്രോളിൻെറയും ഡീസലിൻെറയും വില രണ്ടുതവണ മാത്രമേ കുറച്ചുള്ളൂ; പാചകവാതക വിലയാകട്ടെ കുറച്ചത് ഒരു തവണ മാത്രവും. വിലവർദ്ധനവ് തടയാനും നാണയപ്പെരുപ്പത്തിൻെറ കെടുതികളിൽനിന്നും ജനങ്ങളെ സംരക്ഷിക്കാനും കഴിയാത്തതാണ്, കോൺഗ്രസ് നേതൃത്വത്തിലുള്ള സർക്കാരിൻെറ ഏറ്റവും വലിയ വീഴ്ചകളിൽ ഒന്ന്.

മൻമോഹൻസിങ് സർക്കാർ ഇന്ത്യനും വിദേശിയുമായ വൻകിട ബിസിനസുകാർക്കും വൻകിട കോർപ്പറേറ്റുകൾക്കും അനുകൂലമായ നയങ്ങളെയാണ് പ്രോത്സാഹിപ്പിക്കുന്നത്. ഈ താൽപര്യക്കാരെ സഹായിക്കുന്ന വിധത്തിലാണ് പ്രത്യേക സാമ്പത്തിക മേഖലകൾ (SEZ)ക്ക് രൂപം നൽകിയിരിക്കുന്നത്. അവർക്ക് വലിയതോതിൽ ഭൂമി കയ്യടക്കാനും നികുതി ഇളവുകളുടെ അക്ഷയഖനിതന്നെ അവർക്കുമുന്നിൽ തുറന്നുകൊടുക്കാനും സർക്കാർ അവസരമൊരുക്കിയിരിക്കുന്നു. ഓഹരിവിപണിയിലെ കാപ്പിറ്റൽ ഗെയിൻസ് ടാക്സ് പുന:സ്ഥാപിക്കാനും മൗറീഷ്യസ് റൂട്ടിലൂടെ വൻതോതിൽ നടക്കുന്ന നികുതി വെട്ടിപ്പ് തടയാനും സർക്കാർ വിസമ്മതിക്കുന്നത് ഇന്ത്യക്കാരും വിദേശികളുമായ ഊഹക്കച്ചവടക്കാരെ കൊള്ളലാഭമടിക്കാൻ സഹായിക്കുന്നതിനുവേണ്ടി മാത്രമാണ്. ചില്ലറ വ്യാപാരരംഗത്ത് വിദേശ പ്രത്യക്ഷ മൂലധനം (എഫ്ഡിഐ) പിൻവാതിലിലൂടെ കടന്നുവരുന്നത് ലക്ഷക്കണക്കിന് ചെറുകിട കച്ചവടക്കാരുടെയും വ്യാപാരികളുടെയും ജീവിതമാർഗം ഇല്ലാതാക്കിക്കൊണ്ടിരിക്കുകയാണ്.

ആരോഗ്യ-വിദ്യാഭ്യാസ സമ്പ്രദായങ്ങളിലും അനിയന്ത്രിതമായ സ്വകാര്യവൽക്കരണമാണ് നടക്കുന്നത്. അങ്ങനെ സാധാരണ ജനങ്ങൾക്ക് ആരോഗ്യ-വിദ്യാഭ്യാസ സൗകര്യങ്ങൾ അന്യമാക്കുകയാണ്. റിയൽ

എസ്റ്റേറ്റ് രംഗത്തും എഫ്ഡിഐ അനുവദിച്ചതും റിയൽ എസ്റ്റേറ്റ് ഊഹക്കച്ചവടത്തെ പ്രോത്സാഹിപ്പിച്ചതും വൻതോതിൽ ഭൂമി തട്ടിയെടുക്കുന്നതിനും നഗരപ്രദേശങ്ങളിലും അതിനു ചുറ്റുപാടും ഭൂമിയുടെ വില കുതിച്ചുയരുന്നതിനും ഇടവരുത്തി. ദരിദ്രർക്കും ഇടത്തരക്കാർക്കും മാന്യമായ ഒരു വീട് സ്വന്തമാക്കുന്നത് ഇത് അസാധ്യമാക്കിയിരിക്കുകയാണ്.

കോൺഗ്രസ് നേതൃത്വത്തിലുള്ള സർക്കാർ നിരവധി പശ്ചാത്തല വികസന പദ്ധതികളിൽ പൊതു - സ്വകാര്യ പങ്കാളിത്തത്തെ പ്രോത്സാഹിപ്പിക്കുകയാണ്; അതിൽ ചെലവെല്ലാം വഹിക്കുന്നത് പൊതുമേഖലയും ലാഭം കൊയ്തെടുക്കുന്നത് സ്വകാര്യ പങ്കാളികളുമാണ്. സത്യം-മായ്ത്യാസ് വെട്ടിപ്പിൽപെട്ട് ഇപ്പോൾ കുഴപ്പത്തിൽ അകപ്പെട്ട ഹൈദരാബാദ് മെട്രോ ഇതിൻെറ ഉത്തമോദാഹരണങ്ങളിൽ ഒന്നാണ്.

തൊഴിലാളികളുടെയും ജീവനക്കാരുടെയും അവകാശങ്ങൾ വെട്ടിക്കുറയ്ക്കുകയാണ്. ഇപിഎഫ് പലിശനിരക്ക് 8.5 ശതമാനമായി വെട്ടിക്കുറച്ചു. തൊഴിലവസരങ്ങളുടെ കരാർവൽക്കരണത്തെയും ദിവസക്കൂലി വൽക്കരണത്തെയും സർക്കാർ പ്രോത്സാഹിപ്പിക്കുകയാണ്. അസംഘടിത മേഖലയിലെ സംരംഭങ്ങൾക്കായുള്ള ദേശീയ കമ്മിഷൻെറയും തൊഴിൽവകുപ്പുമായി ബന്ധപ്പെട്ട സ്റ്റാൻറിംഗ്കമ്മിറ്റിയുടെയും ശുപാർശകൾ അവഗണിച്ചുകൊണ്ട്, സർക്കാർ പാർലമെൻറിൽ ഒരു നിയമം അംഗീകരിച്ചു. അത് അസംഘടിതമേഖലയിലെ തൊഴിലാളികളുടെ സംരക്ഷണത്തെയും അവകാശങ്ങളെയും പരിഹാസ്യമാക്കിയിരിക്കുകയാണ്.

നിയമസഭകളിലും പാർലമെൻറിലും മൂന്നിലൊന്ന് സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണംചെയ്യുമെന്ന പൊതുമിനിമം പരിപാടിയിലെ വാഗ്ദാനം നടപ്പിലാക്കാതെ സർക്കാർ പിന്നോട്ടുപോയിരിക്കുകയാണ്. ഇടതുപക്ഷം പിന്തുണ പിൻവലിച്ചതിനെ തുടർന്ന് സമാജ്വാദി പാർടിയെ മൻമോഹൻസിങ് സർക്കാർ ആശ്രയിച്ചത് വനിതാ സംവരണബില്ലിൻെറ കഥകഴിച്ചു.

ന്യൂനപക്ഷങ്ങളുടെ പദവി സംബന്ധിച്ച ജസ്റ്റിസ് സച്ചാർകമ്മിറ്റിയുടെ മുഖ്യ ശുപാർശകൾ നടപ്പിലാക്കുന്ന കാര്യത്തിൽ യുപിഎ സർക്കാർ വീഴ്ചവരുത്തി. മുസ്ലിം ന്യൂനപക്ഷത്തിനായി ഒരു ഉപ പദ്ധതിക്ക് രൂപംനൽകണമെന്ന സുപ്രധാന നിർദ്ദേശം സർക്കാർ നിരാകരിച്ചു.
കോൺഗ്രസ് നേതൃത്വത്തിലുള്ള സർക്കാരിൻെറ കഴിഞ്ഞ ആറുമാസക്കാലത്തെ ഭരണത്തിനിടയ്ക്ക്, ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ പ്രതികൂല പ്രത്യാഘാതങ്ങളെ രാജ്യം നേരിട്ടു. ഇക്കാര്യത്തിൽ സർക്കാരിൻെറ പ്രതികരണം അപര്യാപ്തവും തെറ്റായതുമായിരുന്നു. സർക്കാർ പ്രഖ്യാപിച്ച ധന ഉത്തേജക പാക്കേജുകൾ മൊത്തത്തിൽ അപര്യാപ്തമായിരുന്നു; മാത്രമല്ല അത് വൻകിട കോർപ്പറേറ്റുകളെ രക്ഷപ്പെടുത്തുന്നതിനുവേണ്ട നികുതി ഇളവുകൾ അനുവദിക്കുന്നതിന് ലക്ഷ്യമാക്കിയതുമാണ്. ഇത്തരം ആനുകൂല്യങ്ങൾ നൽകിയതുപോലും ലേ ഓഫിൽനിന്നും പിരിച്ചുവിടലിൽനിന്നും തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള ഉപാധികളോടെ ആയിരുന്നില്ല. വില തകർച്ചയിൽനിന്നും ഇറക്കുമതി മത്സരത്തിൽനിന്നും കർഷകരെ സംരക്ഷിക്കുന്നതിന് ഇതേവരെ ഒരു നടപടിയും കൈക്കൊണ്ടിട്ടില്ല. വിദേശങ്ങളിൽ കഴിയുന്ന പ്രവാസി തൊഴിലാളികളുടെ ദുരിതങ്ങളെ കേന്ദ്രസർക്കാർ പാടെ അവഗണിച്ചിരിക്കുകയാണ്; ഉത്തേജക പാക്കേജിൽ അവരെ ഉൾപ്പെടുത്തിയിട്ടുപോലുമില്ല. ഈ പ്രതിസന്ധിയിൽനിന്ന് പുറത്തുകടക്കാനുള്ള ഒരേയൊരു മാർഗം ചോദനവും പുതിയ തൊഴിൽ അവസരങ്ങളും സൃഷ്ടിക്കുന്നതിലൂടെ മാത്രമാണ്. ഇതിന്, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന മേഖലകളിൽ (ഗ്രാമവികസനം, കൃഷി, സാമൂഹികക്ഷേമ മേഖല, പശ്ചാത്തല വികസന മേഖല എന്നിവയില്), വൻതോതിൽ പൊതുനിക്ഷേപം നടത്തേണ്ടത് ആവശ്യമാണ്. ഇത് ഏറ്റെടുക്കുന്നതിന് തന്നെയാണ് സർക്കാർ വിസമ്മതിക്കുന്നത്.

ഇന്ന് ലോകവ്യാപകമായിത്തന്നെ നവലിബറൽ നയ ചട്ടക്കൂട് അവമതിക്കപ്പെട്ടിരിക്കുകയാണ്. എന്നാൽ കോൺഗ്രസ് നേതൃത്വത്തിലുള്ള സർക്കാർ ഇപ്പോഴും നവലിബറൽ മന്ത്രങ്ങളിൽ വാശിയോടെ കടിച്ചുതൂങ്ങിക്കിടക്കുകയാണ്. പ്രതിസന്ധി പ്രകടമായിക്കഴിഞ്ഞ ശേഷവും സർക്കാർപാർടിസിപ്പേറ്ററി നോട്ടിനുണ്ടായിരുന്ന ചില നിയന്ത്രണങ്ങൾപോലും നീക്കിയും സമസ്തമേഖലകളിലും പിൻവാതിലിലൂടെ വിദേശമൂലധനത്തിന് കടന്നുവരാൻ അവസരമൊരുക്കത്തക്കവിധം എഫ്ഡിഐ മാർഗരേഖകൾ പുതുക്കിയും വീണ്ടും ധനമൂലധനത്തിൻെറ കടന്നുവരവിനെ ഉദാരവൽക്കരിച്ചു.

**വർഗീയവിപത്ത്**

ബിജെപി-ആർഎസ്എസ് കൂട്ടുകെട്ടും അവരുടെ നിരവധി ഘടകസംഘടനകളും ന്യൂനപക്ഷങ്ങളെ ലക്ഷ്യമാക്കി വ്യാപകമായി വർഗീയ ആക്രമണങ്ങൾ അഴിച്ചുവിടുകയാണ്. ഈ കഴിഞ്ഞ അഞ്ചുവർഷത്തിനകം, മധ്യപ്രദേശിലും രാജസ്ഥാനിലും ഛത്തീസ്ഗഢിലും ഗുജറാത്തിലും കർണാടകത്തിലും മഹാരാഷ്ട്രയിലും ആന്ധ്രാപ്രദേശിലും ഉത്തർപ്രദേശിലും മുസ്ലിം ന്യൂനപക്ഷങ്ങൾക്കെതിരെ ആക്രമണങ്ങൾ നടന്നിരുന്നു. ഒറീസയിലെ കന്ധമൽ ജില്ല ക്രിസ്ത്യാനികൾക്കെതിരായ ഏറ്റവും രൂക്ഷമായ ആക്രമണത്തിന് സാക്ഷ്യംവഹിച്ചു; അവിടെ പള്ളികളും പാർപ്പിടങ്ങളും ചുട്ടെരിക്കപ്പെട്ടു; കന്യാസ്ത്രീകളും പുരോഹിതന്മാരും വൻതോതിൽ ആക്രമിക്കപ്പെട്ടു. കർണാടകത്തിൽ ബിജെപി ഭരണത്തിൽ എത്തിയതിനെതുടർന്ന് മാംഗ്ലൂരും ദാവൺഗരെയിലും മറ്റു പ്രദേശങ്ങളിലും ക്രിസ്ത്യാനികൾ പൈശാചികമായി ആക്രമിക്കപ്പെട്ടു. ഈ ആക്രമണങ്ങളിലെ കുറ്റവാളികൾക്കെതിരെ നടപടിയെടുക്കുന്നതിനുപകരം മധ്യപ്രദേശിലെയും രാജസ്ഥാനിലെയും കർണാടകത്തിലെയും ബിജെപി സർക്കാരുകൾ പലപ്പോഴും ആക്രമണങ്ങൾക്ക് ഇരയായവരെ അറസ്റ്റുചെയ്യുകയാണുണ്ടായത്.

നരേന്ദ്രമോഡിക്കുകീഴിലെ ഗുജറാത്തിലും കർണാടകത്തിലും ബിജെപി ഭരണത്തിലുള്ള മറ്റു സംസ്ഥാനങ്ങളിലുമെല്ലാം കലാകാരന്മാരെ വിരട്ടുകയും ഭയപ്പെടുത്തുകയുമാണ്; സാംസ്കാരിക പരിപാടികൾക്കും ചലച്ചിത്രങ്ങൾക്കുംനേരെ ആക്രമണം അഴിച്ചുവിടുകയാണ്; എഴുത്തുകാരെ ഭീഷണിപ്പെടുത്തുകയാണ്. മംഗ്ലൂരിലും മറ്റു പ്രദേശങ്ങളിലും ഹിന്ദുത്വഗുണ്ടകൾ യുവതികൾക്കുനേരെ നടത്തിയ ആക്രമണങ്ങൾ അവരുടെ ഫാസിസ്റ്റു മനോഭാവത്തിൻെറ ലക്ഷണങ്ങൾ വെളിപ്പെടുത്തുന്നു. എല്ലാവിധത്തിലുമുള്ള വർഗീയതയ്ക്കും അവയുടെ പ്രതിലോമ പ്രവർത്തനങ്ങൾക്കുമെതിരെ കർക്കശമായ നടപടിയെടുക്കാൻ ബിജെപിക്കെതിരായ 2004 ലെ ജനവിധിയെ ഉപയോഗിക്കേണ്ടതായിരുന്നു. എന്നാൽ വർഗീയശക്തികളുടെ അഴിഞ്ഞാട്ടങ്ങൾക്കെതിരെ ദൃഢവും വിട്ടുവീഴ്ചയില്ലാത്തതുമായ നിലപാട് സ്വീകരിക്കാൻ കോൺഗ്രസ് നേതൃത്വത്തിലുള്ള സർക്കാരിന് കഴിഞ്ഞില്ല. രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിൽ ഇപ്പോഴും ന്യൂനപക്ഷ വിഭാഗങ്ങൾ പീഡിപ്പിക്കപ്പെടുകയും ഭീകരമായി ആക്രമിക്കപ്പെടുകയുമാണ്. കന്ധമാലിലും രാജ്യത്തിൻെറ മറ്റു ഭാഗങ്ങളിലും നടന്ന ആക്രമണങ്ങളെ തുടർന്ന് കേന്ദ്രസർക്കാർ ബജ്രംഗദളിനെപ്പോലെയുള്ള സംഘടനകൾക്കെതിരെ കർക്കശമായ നടപടിയെടുക്കണമായിരുന്നു. എന്നാൽ അവർ അതിന് തയ്യാറായില്ല.

**ഭീകരത**

കഴിഞ്ഞ അഞ്ചു വർഷത്തിനിടയില്, 2005 ഒക്ടോബറിലെ ഡൽഹി ബോംബ്സ്ഫോടന പരമ്പരകളിൽനിന്ന് തുടങ്ങി രാജ്യം ഭീകരാക്രമണങ്ങളുടെ ഒരു നിരതന്നെ നേരിട്ടു. ഭീകരതയുടെ പ്രശ്നത്തെ ശരിയായവിധത്തിൽ കൈകാര്യംചെയ്യുന്നതിൽ കേന്ദ്രസർക്കാർ പരാജയപ്പെട്ടു. രഹസ്യാന്വേഷണവിഭാഗത്തെ സർക്കാർ പുനരുജ്ജീവിപ്പിക്കണമായിരുന്നു. രഹസ്യാന്വേഷണ വിഭാഗവും സുരക്ഷാ ഏജൻസികളും തമ്മിൽ മികച്ച ഏകോപനം ഉറപ്പുവരുത്തേണ്ടതുമുണ്ടായിരുന്നു. രഹസ്യാന്വേഷണ വിഭാഗത്തിലെയും സുരക്ഷാ സംവിധാനങ്ങളിലെയും അപാകതകളിലേക്ക് സർക്കാരിൻെറ ശ്രദ്ധക്ഷണിക്കാൻ ഭീകരമായ മുംബൈ ആക്രമണങ്ങൾ ആവശ്യമായി വന്നു. ഭീകരതയെ

നേരിടുന്നതിൻെറപേരിൽ പൊലീസും സുരക്ഷാ ഏജൻസികളും നിരപരാധികളായ മുസ്ലിം യുവാക്കളെ വിവേചനരഹിതമായി നിരീക്ഷണത്തിൽപെടുത്തുകയും അവരെ തടവിലാക്കുകയും പീഡിപ്പിക്കുകയും ചെയ്ത ഒട്ടനവധി സംഭവങ്ങളുണ്ടായിട്ടുണ്ട്. ഒരു സമുദായത്തെ ലക്ഷ്യംവെച്ചുള്ള ഇത്തരം നടപടികൾ യുവാക്കളെ അന്യവൽക്കരിക്കുന്നതിനും ഭീകരതയുടെ വിളനിലം ഒരുക്കുന്നതിനും മാത്രമെ ഉപകരിക്കൂ.

ഇന്ത്യയിൽ ഭീകരതയ്ക്ക് വ്യത്യസ്തമായ സ്രോതസ്സുകളാണുള്ളത്. മുസ്ലിം സമുദായത്തിൽനിന്നുള്ള ചില തീവ്രവാദി വിഭാഗങ്ങൾ ഉൾപ്പെട്ടിട്ടുള്ള ഭീകരാക്രമണങ്ങളുണ്ട്. അടുത്തകാലത്തായി മഹാരാഷ്ട്രയിലെ മാലേഗാവിലും മറ്റു ചില സ്ഥലങ്ങളിലും നടന്ന ഭീകരാക്രമണങ്ങളിലെ കുറ്റവാളികൾ തീവ്രഹിന്ദുത്വ ദ്വിഭാഗങ്ങളായിരുന്നു. വടക്കുകിഴക്കൻ പ്രദേശത്ത് ഉൾഫയും മറ്റു സങ്കുചിത വംശീയ ഗ്രൂപ്പുകളുമാണ് ഭീകരാക്രമണങ്ങൾ നടത്തുന്നത്.

ഭീകരവാദ ശൃംഖലകളെയും ഭീകരവിഭാഗങ്ങളെയും കൈകാര്യംചെയ്യുന്നതിന്, അവർ ഏതു വിഭാഗത്തിൽപ്പെടുന്നവരാണെന്ന് നോക്കാതെ, കർക്കശമായ നടപടി സ്വീകരിക്കണമെന്ന ഉറച്ച അഭിപ്രായമാണ് സിപിഐ (എം)നുള്ളത്. പാകിസ്ഥാനിൽ കേന്ദ്രീകരിച്ചുവരുന്ന ഭീകരാക്രമണങ്ങളെ സംബന്ധിച്ചിടത്തോളം തീവ്രവാദ-ഭീകരസംഘടനകൾക്കെതിരെ കർക്കശമായ നടപടി സ്വീകരിക്കാൻ പാകിസ്ഥാൻ സർക്കാരിനുമേൽ സമ്മർദ്ദംചെലുത്തുന്നതിന് ഇന്ത്യ അന്താരാഷ്ട്ര അഭിപ്രായം സ്വരൂപിക്കണം.

**മാവോയിസ്റ്റ്അക്രമം**

ചില സംസ്ഥാനങ്ങളിൽ സ്വയം പ്രഖ്യാപിത മാവോയിസ്റ്റുകൾ വിവേചനരഹിതമായ ആക്രമണങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണ്. ഇത് വിപ്ലവ പ്രവർത്തനമാണെന്നാണ് അവർ അവകാശപ്പെടുന്നത്. തോക്കിൻെറ പ്രയോഗം അല്ലാതെ ഒരു രാഷ്ട്രീയ പ്രവർത്തനവും നടത്താത്ത മാവോയിസ്റ്റുകൾ തങ്ങളുടെ രാഷ്ട്രീയ എതിരാളികളെ വകവരുത്തുന്നതിലാണ് ഏർപ്പെട്ടിരിക്കുന്നത്. ഇത്തരം ഭീകരാക്രമണങ്ങളെ അടിച്ചമർത്തേണ്ടത് ആവശ്യമായിരിക്കുമ്പോൾതന്നെ, അരാജകവാദികളായ ഈ വിഭാഗങ്ങളെ ഒറ്റപ്പെടുത്തുന്നതിനായി ഈ ഗ്രൂപ്പുകളുടെ പ്രവർത്തനം കേന്ദ്രീകരിച്ചിട്ടുള്ള പിന്നോക്കാവസ്ഥയിലുള്ള ഉൾപ്രദേശങ്ങളുടെ സാമൂഹിക - സാമ്പത്തിക വികസനത്തിനുവേണ്ട പരിപാടികൾ നടപ്പിലാക്കുന്നതിനും തുല്യ പ്രാധാന്യം നൽകേണ്ടതാണ്.

**പ്രാദേശിക സങ്കുചിതവാദത്തെ അമർച്ചചെയ്യുക**

പ്രാദേശിക സങ്കുചിതവാദത്തിൻെറ വളർച്ചയും മുംബൈയിൽ എംഎൻഎസിനെപ്പോലെയുള്ള (മഹാരാഷ്ട്ര നവ നിർമാൺസേന) പാർടികൾ മറ്റു സംസ്ഥാനങ്ങളിൽനിന്നുള്ള ജനങ്ങൾക്കുനേരെ നടത്തുന്ന ആക്രമണങ്ങളും ശക്തമായ പ്രതികരണം അനിവാര്യമാക്കിയിരിക്കുകയാണ്. എന്നാല്, കോൺഗ്രസ് നേതൃത്വത്തിലുള്ള സംസ്ഥാന സർക്കാരോ കേന്ദ്രസർക്കാരോ അക്രമങ്ങൾക്ക് അറുതിവരുത്താനും കുറ്റവാളികളെ നിയമത്തിനുമുന്നിൽ എത്തിക്കാനും വേണ്ട രാഷ്ട്രീയ ഇച്ഛാശക്തി പ്രകടിപ്പിക്കുന്നില്ല. മറ്റു പ്രദേശങ്ങളിലെയും സമുദായങ്ങളിലെയും ജനങ്ങളെ ലക്ഷ്യമാക്കിയുള്ള പ്രാദേശികവും വംശീയവുമായ സങ്കുചിതവാദത്തിൻെറ എല്ലാ രൂപങ്ങളെയും സിപിഐ (എം) ശക്തമായി എതിർക്കുന്നു.

**ഫെഡറലിസത്തിൻെറ ലംഘനം**

കോൺഗ്രസ് നേതൃത്വത്തിലുള്ള സർക്കാർ സംസ്ഥാനങ്ങളുടെ അവകാശങ്ങളെ അവഗണിക്കുകയാണ്; സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരവും വിഭവങ്ങളും പകർന്നു നൽകാനുള്ള നടപടികൾ നടപ്പിലാക്കുന്നതിൽ പരാജയപ്പെട്ടിരിക്കുകയുമാണ്. പൊതുമിനിമം പരിപാടിയിൽ വാഗ്ദാനം നൽകിയിരുന്നെങ്കിലും സംസ്ഥാനങ്ങളുടെ കടബാധ്യത ഗണ്യമായി കുറയ്ക്കുന്നതിനോ

സംസ്ഥാനങ്ങൾക്ക് വീതംവെച്ച് നൽകാനുള്ള നികുതി വിഹിതം വർദ്ധിപ്പിക്കുന്നതിനോ തയ്യാറായില്ല.

അന്തർസംസ്ഥാന കൗൺസിൽ പ്രവർത്തിപ്പിക്കുകയോ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനങ്ങൾക്ക് കൈമാറുകയോ ചെയ്തില്ല. 13-ാം ധനകമ്മീഷൻെറയും കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ സംബന്ധിച്ച കമ്മീഷൻെറയും പരിഗണനാവിഷയങ്ങൾക്ക് രൂപംനൽകുന്നതിൽ യുപിഎ സർക്കാർ പൊതുമിനിമം പരിപാടി നഗ്നമായി ലംഘിക്കുകയാണുണ്ടായത്.

കോൺഗ്രസ് നേതൃത്വത്തിലുള്ള സർക്കാർ തങ്ങളുടെ പക്ഷപാതപരമായ ആവശ്യങ്ങൾക്കായി ഗവർണർമാരെ ഉപയോഗിക്കുന്നതിന് ശ്രമിക്കുകയാണ്. 2006 ഡിസംബറിൽ ഉത്തരപ്രദേശ് സംസ്ഥാന സർക്കാരിനെ പിരിച്ചുവിടാൻ നടത്തിയ നീക്കം, കേന്ദ്രത്തിൽ അധികാരത്തിലുള്ള കോൺഗ്രസ് പാർടി 356-ാം വകുപ്പ് ദുരുപയോഗിക്കുന്നത് കഴിഞ്ഞകാല സംഭവം മാത്രമല്ലെന്ന് ഓർമ്മിപ്പിക്കുന്നതായിരുന്നു. കോൺഗ്രസിനോ ബിജെപിക്കോ ഫെഡറൽ തത്വങ്ങളെ സംരക്ഷിക്കാനാവില്ല. നമ്മുടെ സംവിധാനത്തെ ജനാധിപത്യവൽക്കരിക്കാൻ ഫെഡറൽ തത്വങ്ങൾ കാത്തുരക്ഷിക്കേണ്ടത് അത്യന്താപേക്ഷിതവുമാണ്.

**അഴിമതി**

2008 ജൂലൈയിലെ വിശ്വാസപ്രമേയത്തിൽ വിജയിക്കുന്നതിന് പ്രതിപക്ഷത്തുനിന്ന് കൂറുമാറ്റം പ്രോത്സാഹിപ്പിക്കുന്നതിനും അംഗങ്ങളെ വിലയ്ക്കെടുക്കുന്നതിനും വലിയതോതിൽ പണവും ഭീഷണിയും കൈക്കൂലിയും ഉപയോഗിച്ച ഭരണസഖ്യം പാർലമെൻററി ജനാധിപത്യ സംവിധാനത്തെത്തന്നെ മലീമസമാക്കിയിരിക്കുകയാണ്. മുമ്പ് 1993 ൽ അവിശ്വാസപ്രമേയം നേരിട്ട നരസിംഹറാവു സർക്കാർ പാർലമെൻറിലെ പ്രതിപക്ഷ അംഗങ്ങൾക്ക് കൈക്കൂലി നൽകിയിരുന്നു. എന്നാൽ ഇപ്പോൾ കോൺഗ്രസ് നേതൃത്വത്തിലുള്ള സർക്കാർ ഇതിനെ കൂടുതൽ ഉയർന്ന മാനങ്ങളിൽ എത്തിച്ചു.

2008 ജൂലൈയിലെ പ്രത്യേക സമ്മേളനത്തെ ഡിസംബർ അവസാനംവരെ നീട്ടിക്കൊണ്ടുപോകുകയും ശീതകാല സമ്മേളനം ഒഴിവാക്കുകയും ചെയ്ത സർക്കാര്, പാർലമെൻറിനോട് കടുത്ത അവജ്ഞയാണ് പ്രകടിപ്പിച്ചത്. അങ്ങനെ, 2008 ൽ പാർലമെൻറ് ചേർന്നത് വെറും 46 ദിവസമായി ചുരുക്കി. പൊതു സ്ഥാപനങ്ങളുടെയും അന്വേഷണ ഏജൻസികളുടെയും ദുരുപയോഗവും ഈ സർക്കാരിന്റെ മുഖമുദ്രയായി മാറി.
വമ്പിച്ച ഒരു ടെലികോം അഴിമതി യുപിഎ സർക്കാർ നടത്തിയിരിക്കുകയാണ്. തങ്ങൾക്ക് വേണ്ടപ്പെട്ട കമ്പനികൾക്ക് അവർ 2 ജി ലൈസൻസുകൾ വിറ്റു. ഈ കമ്പനികൾ തുടർന്ന് തങ്ങളുടെ ഓഹരികൾ വമ്പിച്ച ലാഭത്തിൽ വിറ്റഴിച്ചു. ഈ പ്രക്രിയയില്, ഖജനാവിന് കുറഞ്ഞത് ഒരു ലക്ഷം കോടി രൂപയുടെ നഷ്ടമാണുണ്ടായത്. ഈ വമ്പൻ അഴിമതിയെക്കുറിച്ച് അന്വേഷിക്കാനും സർക്കാർ സന്നദ്ധമായില്ല. മുരത്ത മുതലാളിത്തം അഴിമതി സ്ഥാപനവൽക്കരിക്കുന്നതിലേക്ക് നയിക്കുന്നതെങ്ങനെയെന്നതിൻെറ ഞെട്ടിക്കുന്ന ഉദാഹരണമാണ് സത്യം-മയ്താസ് വെട്ടിപ്പ്. ആന്ധ്രാപ്രദേശിലെ കോൺഗ്രസ് സർക്കാർ സത്യം-മയ്താസ് കൂട്ടുകെട്ടിന് നൽകിയ രക്ഷാകർതൃത്വം ലാഭകരമായ കരാറുകളും ആയിരക്കണക്കിന് ഏക്കർ ഭൂമിയും തട്ടിയെടുക്കാൻ സഹായകരമായി. പ്രത്യേക സാമ്പത്തികമേഖലകൾ കോർപ്പറേറ്റുകൾക്ക് വൻതോതിൽ ഭൂമി തട്ടിയെടുക്കാനുള്ള ഉപകരണമായിരിക്കുകയാണ്. കർഷകരുടെയും ഗ്രാമീണ ദരിദ്രരുടെയും തുച്ഛമായ ഭൂമിയാണ് ഇങ്ങനെ തട്ടിയെടുക്കപ്പെടുന്നത്.

**അമേരിക്കയുമായുള്ള തന്ത്രപരമായ സഖ്യം**

- മൻമോഹൻസിങ് സർക്കാരിൻെറ ഏറ്റവും വലിയ വഞ്ചന അമേരിക്കയുമായി തന്ത്രപരമായ സഖ്യത്തിൽ ഏർപ്പെട്ടതും സ്വതന്ത്ര വിദേശനയം പിന്തുടരുമെന്ന വാഗ്ദാനത്തിൽനിന്നും

പിന്നോട്ടുപോയതുമാണ്.

- അമേരിക്കയുമായി സൈനിക സഹകരണത്തിന് 10 വർഷത്തേക്കുള്ള പ്രതിരോധ ചട്ടക്കൂട് കരാറിൽ കോൺഗ്രസ് നേതൃത്വത്തിലുള്ള സർക്കാർ ഒപ്പുവെച്ചു. ഇത് സംബന്ധിച്ച് രാജ്യത്തിന് ഒരു വിവരവും നൽകാതെ, ഒരു ചർച്ചയും കൂടാതെയാണ് രഹസ്യമായി ഈ കരാർ ഒപ്പിട്ടത്.
- ആണവ കരാറിന് അമേരിക്കൻ കോൺഗ്രസിൻെറ അംഗീകാരം ലഭിക്കുന്നതിനായി മൻമോഹൻസിങ് സർക്കാർ ഐഎഇഎയിൽ ഇറാനെതിരായി ലജ്ജാകരമായ വിധത്തിൽ അമേരിക്കൻ ചേരിയിൽ അണിനിരന്നു.
- പൊതുമിനിമം പരിപാടിയുടെ സ്ഥാനത്ത്, മൻമോഹൻസിങ് സർക്കാരിന് വഴികാട്ടിയായത് ഇന്തോ-അമേരിക്ക സിഇഒ ഫോറത്തിൻെറ അജണ്ടയായിരുന്നു. ചില്ലറ വ്യാപാരം, ഇൻഷ്വറൻസ്, ബാങ്കിംഗ്, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ വിദേശ പ്രത്യക്ഷ നിക്ഷേപത്തെ ശുപാർശചെയ്യുന്നതാണ് അത്.
- ബിജെപി നേതൃത്വത്തിലുള്ള സർക്കാർ തുടക്കംകുറിച്ച അമേരിക്ക-ഇസ്രയേല്-ഇന്ത്യ കൂട്ടുകെട്ട് മൻമോഹൻസിങ് സർക്കാർ പിന്തുടരുന്നു. അത് ഇസ്രയേലുമായി കടുത്ത സൈനിക സുരക്ഷാ സഖ്യത്തിൽ ഏർപ്പെട്ടു. ഇന്ത്യക്ക് ഏറ്റവും അധികം ആയുധങ്ങൾ വിൽപന നടത്തുന്ന രാജ്യമായി ഇസ്രയേൽ മാറി. ഇതിനായി ഇന്ത്യ ചെലവഴിച്ച ശതകോടിക്കണക്കിന് ഡോളർ പലസ്തീൻ ജനതയെ അടിച്ചമർത്താൻ ഇസ്രയേലിന് സഹായകരമായി.

**ആണവ കരാർ**

ആത്മാഭിമാനമുള്ള ഒരു സർക്കാരിനും അംഗീകരിക്കാൻ കഴിയാത്ത വ്യവസ്ഥകളോടെ കോൺഗ്രസ് നേതൃത്വത്തിലുള്ള സർക്കാർ അമേരിക്കയുമായി ആണവ കരാർ ഒപ്പിട്ടു. അമേരിക്കൻ കോൺഗ്രസ് അംഗീകരിച്ച ഹൈഡ് നിയമം, ഇന്ത്യ വിദേശനയത്തിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് നിർദ്ദേശംവച്ചു; ആണവ സഹകരണത്തിനായുള്ള വ്യവസ്ഥകൾക്ക് ആ നിയമം രൂപംനൽകി. അമേരിക്കയുമായി സൈനിക-സുരക്ഷാ സഖ്യത്തിൽ ഏർപ്പെടുന്നതിന് ഇന്ത്യയെ അനുയോജ്യമാക്കുകയായിരുന്നു. യുറേനിയം ക്ഷാമം സംബന്ധിച്ച് പ്രശ്നം യുപിഎ സർക്കാർ തെറ്റായി ഉയർത്തുകയാണുണ്ടായത്. അടുത്തയിടെ പ്രസിദ്ധീകരിച്ച സിഎജി റിപ്പോർട്ട് ഈ പെരുംനുണ പുറത്താക്കിയിരിക്കുകയാണ്.

എല്ലാ ഗ്രാമങ്ങളിലും എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിനുവേണ്ടിയാണ് ആണവകരാർ എന്നാണ് കോൺഗ്രസ് പ്രചരിപ്പിക്കുന്നത്. ഇറക്കുമതിചെയ്യുന്ന ആണവ പ്ലാൻറിൽനിന്നുള്ള വൈദ്യുതിയുടെ വില യൂണിറ്റ് ഒന്നിന് 8 രൂപ ആയിരിക്കുമ്പോൾ ഇത് ക്രൂരമായ ഒരു തമാശയാണ്- സാധാരണ ജനങ്ങൾക്ക് കയ്യെത്താവുന്നതിനും അപ്പുറമാണ് ആണവ വൈദ്യുതിയുടെ വില.

**യുപിഎ സർക്കാരിനോട്വിട**

അമേരിക്കയുമായുള്ള നിർദ്ദിഷ്ട തന്ത്രപരമായ സഖ്യത്തിൻെറ ഭാഗമായി ഇന്ത്യ-അമേരിക്ക ആണവകരാറുമായി മുന്നോട്ടുപോകാൻ സർക്കാർ തീരുമാനിച്ചതിനെ തുടർന്ന് യുപിഎ സർക്കാരിനുള്ള പിന്തുണ പിൻവലിക്കാൻ 2008 ജൂലൈ 9 ന് ഇടതുപക്ഷ പാർടികൾ തീരുമാനിച്ചു. 2007 ഡിസംബറില്, ഈ പ്രശ്നം പാർലമെൻറിൽ ചർച്ച ചെയ്തപ്പോള്, പാർലമെൻറിലെ മഹാഭൂരിപക്ഷം അംഗങ്ങളും കരാറിന് എതിരാണെന്ന് വ്യക്തമായിരുന്നു. കുതിച്ചുയരുന്ന വില നിലവാരവും വർദ്ധിച്ചുകൊണ്ടിരുന്ന ഗ്രാമീണ ദുരിതങ്ങളും കാരണം കഷ്ടപ്പെടുന്ന ജനങ്ങളെ സംരക്ഷിക്കുന്നതിനുപകരം മൻമോഹൻ സിങ് സർക്കാർ തങ്ങളുടെ ഊർജ്ജം മുഴുവൻ ഈ കരാറിൽ ഏർപ്പെടുന്നതിൽ കേന്ദ്രീകരിക്കുകയായിരുന്നു. സ്വതന്ത്ര വിദേശനയവും തന്ത്രപരമായ സ്വാതന്ത്ര്യവും കൈവെടിഞ്ഞ്, അമേരിക്കൻ അജണ്ട നടപ്പാക്കൽ മാത്രം ലക്ഷ്യംവച്ച് പ്രവർത്തിക്കുന്ന ഒരു സർക്കാരിന് പിന്തുണ നൽകാൻ സിപിഐ

എമ്മിനും ഇടതുപാർടികൾക്കും കഴിയുമായിരുന്നില്ല.

**യുപിഎ സർക്കാരിനോടുള്ള സിപിഐ എമ്മിൻെറയും ഇടതുപക്ഷത്തിൻെറയും സമീപനം**

യുപിഎ സർക്കാരിൽനിന്നും ജനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള രക്ഷാ കവചമായി പ്രവർത്തിക്കുകയായിരുന്നു സിപിഐ എമ്മും ഇടതുപക്ഷവും. കുറഞ്ഞപക്ഷം രണ്ട് പ്രമുഖ നിയമനിർമാണങ്ങളെങ്കിലും - ദേശീയ തൊഴിലുറപ്പ് നിയമവും ഗിരിവർഗ വനാവകാശ നിയമവും - സിപിഐ എമ്മിൻെറ ഇടപെടൽ ഇല്ലായിരുന്നെങ്കിൽ അത് ഇപ്പോഴത്തെ രൂപത്തിൽ വരുമായിരുന്നില്ല.

എൻആർഇജിഎ നിയമനിർമ്മാണത്തിൽ ഇടതു പാർടികൾ നിർണായകമായ ഇടപെടൽ നടത്തിയിരുന്നു. അതാണ് ജനങ്ങൾക്ക് ഏറെ ആശ്വാസപ്രദമായി മാറിയത്. ഇവയിൽ ഉൾപ്പെടുന്നവ:

(1) ആവശ്യമെന്ന് തോന്നിയാൽ ഈ പരിപാടി റദ്ദ് ചെയ്യാൻ സർക്കാരിന് അവകാശം നൽകുന്ന വകുപ്പ് റദ്ദ് ചെയ്തത്

(2) സർക്കാർ നിർദ്ദേശിച്ചിരുന്നതുപോലെ ബിപിഎൽ കുടുംബങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്താതെ കായികാധ്വാനം നടത്താൻ തയ്യാറുള്ള എല്ലാവർക്കുമുള്ള സാർവത്രിക അവകാശമായി ഇതിനെ ഉറപ്പാക്കിയത്.

(3) ഗുണഭോക്താക്കളിൽ മൂന്നിലൊന്ന് പേരെങ്കിലും സ്ത്രീകളായിരിക്കണമെന്ന പ്രത്യേക വ്യവസ്ഥ ഉറപ്പാക്കിയത്

(4) അനുയോജ്യമായ പദ്ധതി നിർദ്ദേശങ്ങൾക്ക് രൂപം നൽകാൻ സംസ്ഥാന സർക്കാരുകളെ അനുവദിക്കുന്ന വകുപ്പ് കൂട്ടിച്ചേർത്തതിലൂടെ വൈവിധ്യമാർന്നതും അയവേറിയതുമായ പദ്ധതികൾ ഉൾപ്പെടുത്താൻ സാധ്യമാക്കിയത്.
ഇടതുപക്ഷത്തിൻെറ, വിശിഷ്യാ സിപിഐ എമ്മിൻെറ, വിട്ടുവീഴ്ചയില്ലാത്ത ഇടപെടലായിരുന്നു പട്ടികവർഗ-മറ്റു വനവാസി (വനാവകാശങ്ങൾ അംഗീകരിക്കല്) നിയമം പാസാക്കുന്നതിന് ഇടവരുത്തിയത്. ഇവിടെയും, പാർടിയുടെ ഇടപെടൽ ഇല്ലായിരുന്നെങ്കില്, ഇപ്പോഴത്തെ രൂപത്തിലുള്ള നിയമം സാധ്യമാകുമായിരുന്നില്ല. സിപിഐ എമ്മിൻെറയും ഇടതുപക്ഷത്തിൻെറയും ഇടപെടലിൻെറ ഫലമായി ഉണ്ടായത്:

(1) കട്ട് ഓഫ് വർഷം 1980 ൽനിന്ന് 2005 ഡിസംബറാക്കി മാറ്റിയത്

(2) മറ്റു പരമ്പരാഗത വനവാസി സമുദായങ്ങളെയും ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയത്

(3) ഭൂപരിധി 2.5 ഹെക്ടറിൽനിന്നും 4 ഹെക്ടറായി ഉയർത്തിയത്;

(4) ചെറുകിട വന ഉൽപന്നങ്ങളുടെ വിപുലീകരിച്ച അവകാശം ഉൾപ്പെടുത്തിയത്

(5) ഗ്രാമസഭകൾക്കും പഞ്ചായത്തുകൾക്കുമുള്ള വിപുലമായ പങ്ക്

(6) ഒരു പരിമിതമായ പ്രദേശത്തിനുള്ളിൽ വനപ്രദേശത്ത് വികസന പദ്ധതികൾക്കുള്ള അവകാശം

(7) സ്ത്രീകൾക്ക് തുല്യാവകാശം ഉറപ്പാക്കല്.

അതേപോലെ തന്നെ, 2005 ലെ പാറ്റൻറ് ഭേദഗതി നിയമത്തിൽ മാറ്റം വരുത്തുന്നതിലും സിപിഐ എം ഇടപെട്ടു. അങ്ങനെയാണ് വില കൂടിയ ജെനറിക് ഔഷധങ്ങൾ ജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാനുള്ള വ്യവസ്ഥയിലൂടെ രാജ്യതാൽപര്യം സംരക്ഷിക്കാൻ കഴിഞ്ഞത്. വിവരാവകാശ നിയമത്തിൽ വെള്ളം ചേർക്കുന്നതിനെയും ഇടതുപക്ഷത്തിന് അനുവദിക്കാനാവില്ല. സിപിഐ എമ്മിൻെറയും ഇടതുപക്ഷത്തിൻെറയും നിരന്തരമായ സമ്മർദ്ദത്തിൻെറ ഫലമായാണ് വിദ്യാഭ്യാസത്തിന് കൂടുതൽ തുക വകയിരുത്താനായത്. എന്നാലും സിഎംപിയിൽ വാഗ്ദാനം നൽകിയിരുന്നതുപോലെ ജിഡിപിയുടെ 6 ശതമാനം വിദ്യാഭ്യാസത്തിന് വകയിരുത്താൻ കഴിഞ്ഞിട്ടില്ല.

കഴിഞ്ഞ അഞ്ചുവർഷവും സിപിഐ എമ്മും ഇടതുപക്ഷവും വഹിച്ച പങ്കായിരുന്നു ഊഹാത്മക ധനമൂലധനത്തിൻെറ കെടുതികളിൽനിന്നും ധനമേഖലയെ സംരക്ഷിക്കുന്നതിന് ഇടയാക്കിയത്.

ബാങ്കിങ് റഗുലേഷൻ (ഭേദഗതി) നിയമം പാസാക്കാൻ അനുവദിക്കാതെ ഇടതുപക്ഷം ബാങ്കിങ് മേഖലയെ സംരക്ഷിച്ചു. ആ നിയമം അംഗീകരിച്ചിരുന്നെങ്കിൽ വിദേശ ബാങ്കുകൾക്ക് ഇന്ത്യൻ സ്വകാര്യ ബാങ്കുകളെ കൈയടക്കാൻ അവസരമാകുമായിരുന്നു.
ഇൻഷ്വറൻസ് മേഖലയിലെ എഫ്ഡിഐ 26 ശതമാനത്തിൽനിന്നും 49 ശതമാനമായി വർദ്ധിപ്പിക്കുന്ന നിയമനിർമാണം തടഞ്ഞ്, ഇടതുപക്ഷം ഇൻഷ്വറൻസ് മേഖലയെ രക്ഷിച്ചു.
പെൻഷൻ ഫണ്ട് റഗുലേറ്ററി ആക്ടിനെ എതിർത്ത ഇടതുപക്ഷ തീരുമാനം ലക്ഷക്കണക്കിന് സർക്കാർ ജീവനക്കാരുടെ പെൻഷൻ സംരക്ഷിച്ചു. ഈ നിയമം സർക്കാർ ജീവനക്കാരുടെ പെൻഷൻ ഫണ്ട് സ്വകാര്യവൽക്കരിക്കാനും ഓഹരിവിപണിക്ക് നൽകാനും ഇടവരുത്തുന്നതായിരുന്നു.

സിപിഐ എമ്മും ഇടതുപക്ഷവും പൊതുമേഖലയെയും ദേശീയ പരമാധികാരത്തെയും ശക്തമായി സംരക്ഷിച്ചു.

ബിഎച്ച്ഇഎല്ലിൻെറ ഓഹരി വിറ്റഴിക്കലിനോട് വിയോജിച്ച ഇടതുപക്ഷം `നവരത്ന' പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്രത സംരക്ഷിച്ചു.

ചില്ലറ വ്യാപാരരംഗം ബഹുരാഷ്ട്ര കുത്തകകൾക്ക് തുറന്നുകൊടുക്കുന്നതിനെ എതിർക്കുകയും അവയുടെ പൂർണ തോതിലുള്ള കടന്നുകയറ്റത്തെ ചെറുക്കുകയും ചെയ്ത ഇടതുപക്ഷം ലക്ഷക്കണക്കിന് ചെറുകിട കച്ചവടക്കാരുടെയും വ്യാപാരികളുടെയും ചില്ലറ വ്യാപാരരംഗത്ത് പണിയെടുക്കുന്ന തൊഴിലാളികളുടെയും താൽപര്യം സംരക്ഷിച്ചു.
വിത്തു ബില്ലിന് ഇടതുപക്ഷം പിന്തുണ നൽകാത്തതുകൊണ്ട് പാർലമെൻറിൽ അത് പാസാക്കാൻ കഴിഞ്ഞില്ല. അങ്ങനെ കർഷകരുടെ താൽപര്യം സംരക്ഷിച്ചു.
വിദേശ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർവകലാശാലകൾക്കും ഇന്ത്യയിൽ പ്രവർത്തനം അനുവദിക്കുന്ന ബില്ല് പാസാക്കാൻ അനുവദിക്കാതെ ഇടതുപക്ഷം വിദ്യാഭ്യാസമേഖലയുടെ സമഗ്രത സംരക്ഷിച്ചു.

തൊഴിലാളിവർഗത്തിൻെറ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി തൊഴിലാളി വിരുദ്ധനിയമങ്ങൾ അവതരിപ്പിക്കുന്നതിനെ ഇടതുപക്ഷം ചെറുത്തു.
സർക്കാരിന് സിപിഐ എമ്മും ഇടതുപക്ഷവും പിന്തുണ നൽകിയ നാല്വർഷവും ദേശീയ പരമാധികാരം സംരക്ഷിക്കാനും ജനങ്ങളുടെ സാമ്പത്തിക താൽപര്യങ്ങൾക്കും ജീവിതമാർഗ്ഗങ്ങൾക്കും

ഹാനികരമായ നവലിബറൽ നയങ്ങളുടെ ഏറ്റവും മോശപ്പെട്ട വശങ്ങളിൽ ചിലത് നടപ്പാക്കുന്നത് തടയാനും സിപിഐ എം ജാഗ്രതയോടെ പ്രവർത്തിച്ചു.

**ബിജെപി പിൻതിരിപ്പൻ ശക്തി**

ഭൂരിപക്ഷ വർഗീയതയെ ``ദേശീയത'' എന്നുപറഞ്ഞ് ന്യായീകരിക്കാനാണ് ബിജെപി ശ്രമിക്കുന്നത്. ആർഎസ്എസിൻെറ ഹിന്ദു രാഷ്ട്ര ദർശനത്തെ സ്തുതിക്കുന്ന അവർ അതിനെ ``സാംസ്കാരിക ദേശീയത'' എന്നുപറഞ്ഞ് ന്യായീകരിക്കുകയും ചെയ്യുന്നു. ബിജെപിയുടെ രാഷ്ട്രീയവും അതിൻെറ പ്രയോഗവും, കറകളഞ്ഞ വർഗീയതയെയാണ് പ്രതിനിധീകരിക്കുന്നത്. ദേശീയ ഐക്യത്തെ ദുർബലപ്പെടുത്താൻ മാത്രമെ അത് ഉപകരിക്കുകയുള്ളൂ. ജസ്റ്റിസ് സച്ചാർകമ്മിറ്റി റിപ്പോർട്ട് ശുപാർശയുടെ അടിസ്ഥാനത്തിൽ രാജ്യത്തെ 15 കോടി മുസ്ലിങ്ങളുടെ നില മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾക്ക് എതിരായി ബിജെപി രംഗത്തു വന്നിരിക്കുന്നു-ന്യൂനപക്ഷ പ്രീണനമാണ് അതെന്നാണ് അവരുടെ ആരോപണം.

ഒറീസ്സയിലെ കാന്ദമൽ ജില്ലയിലായാലും ശരി, കർണാടകം, മധ്യപ്രദേശ്, ഗുജറാത്ത് രാജസ്ഥാൻ ഛത്തീസ്ഗഢ് തുടങ്ങിയ സംസ്ഥാനങ്ങളിലായാലും ശരി, ബജ്രംഗദളും വിശ്വഹിന്ദുപരിഷത്തും മുസ്ലിം-ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്കെതിരായി നടത്തുന്ന ആക്രമണങ്ങൾക്ക് രാഷ്ട്രീയത്തിൻെറ പരിരക്ഷ നൽകുകയാണ് ബിജെപി ചെയ്യുന്നത്.
ഭീകരവാദത്തെക്കുറിച്ചുള്ള ബിജെപിയുടെ നിലപാടും ഇതുപോലെതന്നെ അപകടകരമാണ്. എല്ലാ ഭീകരവാദ പ്രവർത്തനങ്ങളെയും മുസ്ലിം മതസമുദായത്തിൻെറ തലയിൽ കെട്ടിവെയ്ക്കാൻ അവർക്കൊരു മന:സാക്ഷിക്കുത്തുമില്ല. ഭീകരവാദം വിഭിന്ന സ്രോതസ്സുകളിൽനിന്ന് വരുന്നു എന്ന കാര്യം അംഗീകരിക്കാൻ അവർ വിസമ്മതിക്കുന്നു. മാലേഗാവ് സ്ഫോടന കേസിലെ പ്രതികളായ ഹിന്ദുത്വ തീവ്രവാദികളെ സംരക്ഷിക്കാൻ ബിജെപി ശ്രമിക്കുന്നു. ``ഹിന്ദു സന്യാസിക''ളുടെമേൽ എടിഎസ് അന്വേഷണസംഘം കുറ്റം ചുമത്തുകയാണ് എന്നാണ് ആ പാർടിയുടെ ആരോപണം. ഭീകരപ്രവർത്തനത്തെ സംബന്ധിച്ച ബിജെപിയുടെ ഇരട്ടമുഖം പൂർണമായും തുറന്നുകാട്ടപ്പെടുകയാണ്. ബിജെപി പ്രതിപക്ഷത്തായിരുന്ന കഴിഞ്ഞ അഞ്ചുവർഷക്കാലവും ഭീകരവാദം എന്ന ഗുരുതരമായ പ്രശ്നത്തെ വർഗീയവൽക്കരിക്കുകയും ന്യൂനപക്ഷങ്ങളെ പീഡിപ്പിക്കുകയും അല്ലാതെ അവർക്ക് മറ്റൊന്നും കാഴ്ചവെയ്ക്കാനില്ലായിരുന്നു. ബാബറി മസ്ജിദ് നിലനിന്നിരുന്ന സ്ഥാനത്ത്, നിയമത്തെയും ഭരണഘടനയേയും നഗ്നമായി ലംഘിച്ചുകൊണ്ട്, രാമക്ഷേത്രം കെട്ടിപ്പടുക്കുന്നതിനെപ്പറ്റി ബിജെപി ആവർത്തിച്ചുപറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്.

സ്വകാര്യവൽക്കരണം, സ്വതന്ത്ര വിപണി സമ്പദ്വ്യവസ്ഥ എന്നീ വലതുപക്ഷ സാമ്പത്തിക നയങ്ങളോട് തികച്ചും പ്രതിജ്ഞാബദ്ധമായ ഒരു പാർടിയാണ് ബിജെപി എന്ന് ആ പാർടിയുടെ നേതൃത്വത്തിലുള്ള സംസ്ഥാന ഗവൺമെൻറുകളുടെ പ്രവർത്തന റെക്കോർഡ് ശരിക്കും വ്യക്തമാക്കുന്നുണ്ട്. അവരുടെ ഗവൺമെൻറുകൾ അഴിമതിയിൽ ആണ്ടുകിടക്കുകയാണ്. കേന്ദ്രത്തിൽ ഭരണത്തിലിരിക്കുമ്പോള്, അമേരിക്കയുമായി (യുഎസ്എ) തന്ത്രപരമായ ബന്ധം ഊട്ടിയുറപ്പിക്കുന്നതിന് ബിജെപി എത്രയോ നടപടികൾ കൈക്കൊള്ളുകയുണ്ടായി. ഇന്ന്, കോൺഗ്രസിൻെറയും ബിജെപിയുടെയും വിദേശ നയ നിലപാടുകൾ തമ്മിൽ യാതൊരു വ്യത്യാസവുമില്ല.

വിജ്ഞാന വിരോധപരമായ ഒരു പ്രത്യയശാസ്ത്രത്തിൻെറ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന, പിന്തിരിപ്പനായ, ഭൂതകാലത്തിലേക്ക് നോക്കിയിരിക്കുന്ന ഒരു പാർടിയെ ഇന്ത്യൻ ജനതയ്ക്ക് അംഗീകരിക്കാൻ കഴിയില്ല.

**സിപിഐ എമ്മിന് പിൻതുണ നൽകുക**

കഴിഞ്ഞ അഞ്ചുകൊല്ലക്കാലമായി സിപിഐ (എം) നിർവഹിച്ചുകൊണ്ടിരിക്കുന്ന പങ്ക് വളരെ വ്യക്തമാണ്. ജനങ്ങളുടെ താൽപര്യങ്ങളും ജീവനോപാധികളും സംരക്ഷിക്കുന്നതിനുവേണ്ടിയും ദേശീയ പരമാധികാരത്തെ സംരക്ഷിക്കുന്നതിനുവേണ്ടിയും വർഗീയതയെ തടയുന്നതിനുവേണ്ടിയും സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുവേണ്ടിയും സാമ്രാജ്യത്വത്തിൻെറ വർധമാനമായ നുഴഞ്ഞുകയറ്റത്തെ ചെറുക്കുന്നതിനുവേണ്ടിയും പാർലമെൻറിലും മറ്റിടങ്ങളിലും ആ പാർടി വിട്ടുവീഴ്ചയില്ലാതെ ഇടപെട്ടുകൊണ്ടിരുന്നു.
അധ്വാനിക്കുന്ന ജനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയും വർഗീയ-വിഘടനശക്തികളെ ചെറുക്കുന്നതിനുവേണ്ടിയുമുള്ള സമരങ്ങളിലും പൊലീസ് വെടിവെപ്പിലും സിപിഐ (എം)ൻെറ നിരവധി അംഗങ്ങൾക്കും അനുഭാവികൾക്കും ജീവൻ വെടിയേണ്ടി വന്നിട്ടുണ്ട്; രക്തസാക്ഷികളാകേണ്ടിവന്നിട്ടുണ്ട്.

പുത്തൻ ഉദാരവൽക്കരണനയങ്ങൾ അനുവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു കേന്ദ്ര-ഗവൺമെൻറാണ് നിലവിലുള്ളത് എന്നതിനാൽ അനുഭവപ്പെടുന്ന പരിമിതികൾ ഉണ്ടെങ്കിൽത്തന്നെയും ബദൽ നയങ്ങൾ നടപ്പാക്കാൻ കഴിയുമെന്ന് പശ്ചിമബംഗാളിലെയും കേരളത്തിലെയും ത്രിപുരയിലെയും ഇടതുപക്ഷ നേതൃത്വത്തിലുള്ള മൂന്ന് സംസ്ഥാന ഗവൺമെൻറുകൾ കാണിച്ചുതന്നിട്ടുണ്ട്. പശ്ചിമബംഗാളും കേരളവും ത്രിപുരയും മുൻകാലങ്ങളിൽ ഭൂപരിഷ്കാര നടപടികൾ നടപ്പിലാക്കിയിട്ടുണ്ട്; ഭൂപ്രഭുത്വം വൻതോതിൽ തകർന്നിട്ടുണ്ട്. ഈ മൂന്ന് സംസ്ഥാനങ്ങളും ത്രിതല പഞ്ചായത്ത് വ്യവസ്ഥയുടെ ജനാധിപത്യപരമായ പ്രവർത്തനം ഉറപ്പുവരുത്തിയിട്ടുണ്ട്; അവയെ സ്ഥാപനവൽക്കരിച്ചിട്ടുണ്ട്. പരിമിതമായ വിഭവങ്ങളോടെയും വളരെയേറെ തടസ്സങ്ങൾക്കുള്ളിലും ആണ് ഇടതുപക്ഷ നേതൃത്വത്തിലുള്ള സംസ്ഥാന ഗവൺമെൻറുകൾക്ക് പ്രവർത്തിക്കേണ്ടിവരുന്നത്. എങ്കിലും, കൃഷി വികസിപ്പിച്ചുകൊണ്ട് കർഷകത്തൊഴിലാളികളുടെയും കൃഷിക്കാരുടെയും താൽപര്യങ്ങൾ ആ ഗവൺമെൻറുകൾ സംരക്ഷിച്ചിട്ടുണ്ട്; വ്യവസായ വികസനത്തിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. കേന്ദ്ര ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് പൊതുവിതരണ വ്യവസ്ഥയ്ക്കുനേരെ കടുത്ത ആക്രമണം ഉണ്ടായെങ്കിലും, ഈ സംസ്ഥാന ഗവൺമെൻറുകൾ ആ വ്യവസ്ഥ പൊളിച്ചടുക്കിയിട്ടില്ല; തൊഴിലാളിവർഗത്തിൻെറയും മറ്റധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെയും അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ട്. സാമുദായിക സൗഹാർദം നിലനിർത്തുന്ന കാര്യത്തിലും മതനിരപേക്ഷ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കാര്യത്തിലും ഈ മൂന്ന് സംസ്ഥാന ഗവൺമെൻറുകൾക്ക് മാതൃകാപരമായ റെക്കോർഡുതന്നെയാണുള്ളത്.
രാജ്യത്തിനുമുന്നിൽ ബദൽമാർഗം സിപിഐ (എം) അവതരിപ്പിക്കുന്നു. താഴെപ്പറയുന്ന പ്രധാന ഘടകങ്ങളാണ് ആ പരിപാടിക്കുള്ളത്.

(i) മതനിരപേക്ഷതയും ദേശീയ ഐക്യവും സംരക്ഷിക്കുക.

(ii) കാർഷിക ബന്ധങ്ങളും ഭൂപരിഷ്കരണങ്ങളും ജനാധിപത്യപരമായ രീതിയിൽ പരിവർത്തനംചെയ്യുക.

(iii) ഉൽപാദനശക്തികളെ വളർത്തുന്നതിനും പരമാവധി തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുന്നതിനും സാമ്പത്തിക അസമത്വങ്ങളും സാമൂഹ്യ അസമത്വങ്ങളും കുറയ്ക്കുന്നതിനും ഉതകുന്ന സ്വാശ്രയ സമ്പദ്വ്യവസ്ഥയും വികസനമാർഗവും സ്വീകരിക്കുക.

(iv) ആവശ്യമായ ഭരണഘടനാ മാറ്റങ്ങളോടുകൂടിയ ജനാധിപത്യപരവും ഫെഡറൽ ഘടനയോടും കൂടിയ രാഷ്ട്രീയ വ്യവസ്ഥ.

(v) അധ്വാനിക്കുന്ന ജനങ്ങളുടെ അവകാശങ്ങളും അവരുടെ ജീവനോപാധികളും സാമൂഹ്യ സുരക്ഷിതത്വവും സംരക്ഷിക്കുക.

(vi) സാമൂഹ്യ നീതി ഉറപ്പുവരുത്തുക; ജാതിയുടെ അടിസ്ഥാനത്തിലുള്ള വിവേചനങ്ങൾ അവസാനിപ്പിക്കുക; സ്ത്രീകളുടെയും ദളിതരുടെയും ന്യൂനപക്ഷങ്ങളുടെയും ഗോത്രവർഗ ജനവിഭാഗങ്ങളുടെയും അവകാശങ്ങൾ സംരക്ഷിക്കുക;

(vii) സാമ്രാജ്യത്വ വിരുദ്ധവും സ്വതന്ത്രവുമായ വിദേശനയം.

**പുതിയ ബദലിനുവേണ്ടി**

ജനങ്ങളെ സംബന്ധിച്ചിടത്തോളം കോൺഗ്രസിൻെറ നേതൃത്വത്തിലുണ്ടായിരുന്ന അഞ്ചുകൊല്ലക്കാലത്തെ കേന്ദ്ര ഗവൺമെൻറ് കടുത്ത നിരാശതന്നെയാണ് ഉണ്ടാക്കിയത്. 2004 ലെ ലോകസഭാ തെരഞ്ഞെടുപ്പിൽ ലഭിച്ച ജനസമ്മതി അവർ തകർത്തു. ലോകത്തിലാകെത്തന്നെ ഇന്ന് അവമതിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഉദാരവൽക്കരണ-സ്വകാര്യവൽക്കരണ നയങ്ങളോട് പ്രതിജ്ഞാബദ്ധതയുള്ള പാർടിയാണ് കോൺഗ്രസ്. തൊഴിലാളികളോടും കൃഷിക്കാരോടും കർഷകത്തൊഴിലാളികളോടും കൈവേലക്കാരോടും ചെറുകിട വ്യവസായികളോടും സ്ത്രീകളോടും വിദ്യാർഥികളോടും യുവജനങ്ങളോടും ശത്രുതാപരമായ നയങ്ങളാണ് ഇവയെന്ന് വ്യക്തമായിരിക്കുന്നു. അമേരിക്കയുടെ വാലിൽത്തൂങ്ങി ക്കിടന്നാലാണ് ഇന്ത്യക്ക് ഭാവിയുണ്ടാകുക എന്ന് കരുതുന്ന ഒരു പാർടിക്ക് നമ്മുടെ പരമാധികാര ജനാധിപത്യ റിപ്പബ്ലിക്കിനെ ഭരിക്കാൻ അർഹതയില്ല. രാജ്യത്തെ ഏറ്റവും വലിയ പിൻതിരിപ്പൻ ശക്തികളെയാണ് ബിജെപി പ്രതിനിധീകരിക്കുന്നത്. 1998 മുതൽ 2004 വരെയുള്ള അവരുടെ ആറുകൊല്ലക്കാലത്തെ ഭരണം, വർഗീയ നയങ്ങളും സമ്പന്നർക്ക് അനുകൂലമായ നയങ്ങളും അനുവർത്തിച്ചുകൊണ്ടിരുന്ന കാലമാണ്. മതനിരപേക്ഷ രാഷ്ട്രം എന്ന സങ്കൽപനത്തിനു വിരുദ്ധമാണ് ബിജെപിയുടെ പ്രത്യയശാസ്ത്രം. തങ്ങളുടെ ഹിന്ദുത്വ രാഷ്ട്രീയത്തിനുള്ള ഒരു സംരക്ഷണ കവചമായിട്ടാണ് അവർ എൻഡിഎയെ ഉപയോഗപ്പെടുത്തുന്നത്. പ്രധാന പ്രതിപക്ഷ പാർടി എന്ന നിലയിൽ കഴിഞ്ഞ അഞ്ചുകൊല്ലക്കാലം അവർ ചെയ്തത്, ഭീകര പ്രവർത്തനം അടക്കമുള്ള വിവിധ പ്രശ്നങ്ങളെ വർഗീയ കാഴ്ചപ്പാടിൽനിന്നുകൊണ്ട് ഉന്നയിക്കുക മാത്രമാണ്.

വരുന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസിനെയും ബിജെപിയെയും, രണ്ടിനെയും, ജനങ്ങൾ പരാജയപ്പെടുത്തേണ്ടത് അതിനാൽ ആവശ്യമാണ്.
രാജ്യത്തിന് ബദൽ നയങ്ങൾ ആവശ്യമാണ്. ജനങ്ങൾക്ക് അനുകൂലമായ സാമ്പത്തികനയങ്ങള്; സാമൂഹ്യമായ തുല്യതയ്ക്ക് ആവശ്യമായ വകുപ്പുകള്; സ്ഥായിയായ മതനിരപേക്ഷത; യഥാർഥ ഫെഡറലിസം; സ്വതന്ത്രമായ വിദേശനയം. ഇത്തരം ബദൽനയങ്ങൾക്ക് പിൻതുണ നൽകണമെന്ന് സിപിഐ (എം) എല്ലാ ജനാധിപത്യ-മത നിരപേക്ഷ ശക്തികളോടും അഭ്യർഥിക്കുന്നു.

ഇതിന്, ഒരു ബദൽ രാഷ്ട്രീയ പരിപാടി ആവശ്യമാണ്. കോൺഗ്രസിതര-ബിജെപി ഇതര ഗവൺമെൻറിൻെറ രൂപീകരണത്തിനുവേണ്ടി സിപിഐ (എം) പ്രവർത്തിക്കുന്നതാണ്. ആ ഗവൺമെൻറ് ജനാധിപത്യത്തെ ശക്തിപ്പെടുത്തുകയും സമതുലിതമായ സാമ്പത്തിക വികസനം ഉറപ്പുവരുത്തുകയും സാമൂഹ്യനീതി ഉറപ്പുവരുത്തുകയും ചെയ്യും.

സിപിഐ (എം)ന് വോട്ടുചെയ്യുക.
ഇടതുപക്ഷ-ജനാധിപത്യ ശക്തികളെ ശക്തിപ്പെടുത്തുക.
ഒരു ബദല്-മതനിരപേക്ഷ ഗവൺമെൻറിനുവേണ്ടി

## ഭാഗം-II

### മതനിരപേക്ഷ മൂല്യങ്ങളെ പ്രോത്സാഹിപ്പിക്കുക

മതത്തേയും രാഷ്ട്രീയത്തേയും വേർതിരിച്ചുനിർത്തുന്നതിനും ഈ വേർതിരിവ് ദൃഢമാക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണ നടപടികൾക്കുംവേണ്ടി സിപിഐ (എം) നിലകൊള്ളുന്നു. വർഗീയ അക്രമങ്ങളെ കർശനമായി നേരിടണം. മതനിരപേക്ഷ മൂല്യങ്ങളെ ഭരണകൂടം എല്ലാ മേഖലകളിലും പ്രോത്സാഹിപ്പിക്കണം. താഴെപറയുന്ന കാര്യങ്ങൾക്കുവേണ്ടി സിപിഐ (എം) പ്രവർത്തിക്കുന്നതായിരിക്കും.

- വർഗീയ അക്രമത്തിനെതിരായി സമഗ്രമായ ഒരു നിയമം നിർമിക്കുക; ദ്രുതഗതിയിലുള്ള നീതി നടത്തിപ്പ് ഉറപ്പുവരുത്തുക; 2002 ലെ ഗുജറാത്തിലെ കൂട്ട നരഹത്യപോലെയുള്ള വർഗീയ അക്രമങ്ങളിൽ ഇരയായവർക്ക് മതിയായ നഷ്ടപരിഹാരം നൽകുക; ജസ്റ്റിസ് ശ്രീകൃഷ്ണകമ്മീഷൻെറ റിപ്പോർട്ട് നടപ്പാക്കുക.
- വർഗീയ അക്രമങ്ങൾ ഉണ്ടാക്കുന്നവർക്ക്, സമൂഹത്തിലെ അവരുടെ സ്ഥാനമോ ഔദ്യോഗിക സ്ഥാനമോ നോക്കാതെ, മാതൃകാപരമായ ശിക്ഷ ലഭിക്കുമെന്ന് ഉറപ്പുവരുത്തുക.
- വർഗീയപക്ഷപാതവും വർഗീയ മുൻവിധികളും പ്രകടിപ്പിക്കുന്ന എല്ലാ പാഠപുസ്തകങ്ങളും റദ്ദാക്കുക.
- വർഗീയ വിദ്വേഷം പരത്തുന്നതിലും ന്യൂനപക്ഷങ്ങളെ ആക്രമിക്കുന്നതിലും ഏർപ്പെട്ടിരിക്കുന്ന എല്ലാ സംഘടനകൾക്കും സ്ഥാപനങ്ങൾക്കും യുക്തമായ നിയമ നടപടികളിലൂടെ കടിഞ്ഞാണിടുക.
- മതപരമായ സ്ഥലങ്ങളിൽ തർക്കങ്ങൾ ഉന്നയിക്കപ്പെടുന്നത് തടയുന്നതിനായി ആരാധനാലയങ്ങൾ സംരക്ഷിക്കുന്നതിനുള്ള നിയമം പ്രാബല്യത്തിൽ കൊണ്ടുവരിക.

### ബദൽ സാമ്പത്തിക നയങ്ങൾക്കുവേണ്ടി<br>ഭരണകൂടത്തിൻെറ ഇടപെടൽ ശക്തിപ്പെടുത്തുക

ആഗോള സാമ്പത്തിക പ്രതിസന്ധിയുടെയും ഇന്ത്യയ്ക്കുമേലുള്ള അതിൻെറ പ്രതികൂലമായ പ്രത്യാഘാതത്തിൻെറയും വെളിച്ചത്തിൽ താഴെപറയുന്ന കാര്യങ്ങൾ ചെയ്യണമെന്ന് സിപിഐ (എം) ആവശ്യപ്പെടുന്നു.

- വാർഷികപദ്ധതിച്ചെലവ് ഇന്ത്യയുടെ ഇന്നത്തെ ജിഡിപിയുടെ 10 ശതമാനമാക്കി വർദ്ധിപ്പിക്കുക (ഇന്നത് 5 ശതമാനത്തിൽ താഴെയാണ്.)
- കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ അവയുടെ വിപുലമായ ക്യാഷ് സർവെകൾ ഉപയോഗിച്ച്, വൻതോതിൽ വിപുലീകരിക്കുക.
- ധന ഉത്തരവാദിത്വ ബജറ്റ് മാനേജ്മെൻറ് നിയമം റദ്ദാക്കുക; സംസ്ഥാനങ്ങളുടെ പൊതു ചെലവ് വർധിപ്പിക്കാൻ കഴിയത്തക്കവിധത്തിൽ സംസ്ഥാന ഗവൺമെൻറുകളുടെ വായ്പാ പരിധി ഉയർത്തുക; സംസ്ഥാനങ്ങൾക്ക് സമഗ്രമായ കടാശ്വാസം അനുവദിക്കുക.

### അടിയന്തിരാശ്വാസ നടപടികൾ

തുണികളും ഉടുപ്പുകളും, വൈരക്കല്-ജ്വലറി, തുകല്, കൈവേലക്കാര്, കയര്, കശുവണ്ടി, സമുദ്ര ഉൽപന്നങ്ങള്, സോഫ്ട്വെയര്, ഐ ടി തുടങ്ങി പ്രതിസന്ധി ബാധിച്ച മേഖലകൾക്ക് പ്രത്യേക ആശ്വാസ പാക്കേജുകൾ നടപ്പാക്കുക. ചെറുകിട സ്ഥാപനങ്ങളെയും ഇടത്തരം സ്ഥാപനങ്ങളെയും ഉദ്ദേശിച്ചുകൊണ്ടുള്ളവയായിരിക്കണം ഈ പാക്കേജുകള്.

- തൊഴിലാളികളുടെ ജോലി വെട്ടിക്കുറയ്ക്കുന്നതിന് മൊറട്ടോറിയം പ്രഖ്യാപിക്കുക; റിട്രെഞ്ച്മെൻറും ലേ ഓഫും തടയുന്നതിനായി തൊഴിൽനിയമങ്ങൾ വേണ്ടവിധത്തിൽ നിർമിക്കുക; തൊഴിലാളികൾക്കായി സാമൂഹ്യ സുരക്ഷാ നടപടികൾ വർധിപ്പിക്കുക.
- ജീവനക്കാരുടെയും തൊഴിലാളികളുടെയും വേതനവും കൂലിയും വെട്ടിക്കുറയ്ക്കുന്നത് തടയുക; ഉൽപാദനച്ചെലവ് വെട്ടിക്കുറയ്ക്കുന്നതിൻെറ ഭാരം, ലാഭമുണ്ടാക്കുന്നവർ വഹിക്കണം.
- തൊഴിലുറപ്പുപദ്ധതി പട്ടണപ്രദേശങ്ങളിലേക്കുകൂടി വ്യാപിപ്പിക്കുക.
- ശമ്പളംവാങ്ങുന്ന ജീവനക്കാർക്കും പെൻഷൻകാർക്കും മുതിർന്ന പൗരന്മാർക്കും ആദായനികുതിയിൽ ഇളവ് അനുവദിക്കുക.
- കൃഷിയിലും ജലസേചനത്തിലുമുള്ള സർക്കാർ നിക്ഷേപം വൻതോതിൽ വർധിപ്പിക്കുക. താങ്ങുവിലയും വർധിപ്പിച്ച ഇറക്കുമതിച്ചുങ്കങ്ങളും വഴി വിളകളുടെ വിലത്തകർച്ചയിൽനിന്ന് കൃഷിക്കാർക്ക് സംരക്ഷണംനൽകുക.

**വിഭവസമാഹരണം**

വമ്പിച്ച സർക്കാർചെലവുകൾ ഏറ്റെടുക്കുന്നതിനായി വിഭവങ്ങൾ സമാഹരിക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന നടപടികൾ സിപിഐ (എം) നിർദ്ദേശിക്കുന്നു.

- ദീർഘകാല മൂലധന ലാഭത്തിന്മേലുള്ള നികുതികൾ പുന:സ്ഥാപിച്ചുകൊണ്ടും ഓഹരികൾ കൈമാറ്റംചെയ്യുന്നതിനുമേൽ നികുതി ചുമത്തിക്കൊണ്ടും ഊഹ മൂലധനത്തിന്മേലുള്ള ലാഭത്തിനുമേൽ ഫലപ്രദമായി നികുതി ചുമത്തുക.
- കോർപ്പറേറ്റുകൾക്ക് കൂടുതൽ നികുതി സൗകര്യങ്ങൾ അനുവദിക്കുന്നത് അവസാനിപ്പിക്കുക; കള്ളപ്പണം കണ്ടെത്താനുള്ള നീക്കം നടത്തുക-പ്രത്യേകിച്ചും സ്വിസ് ബാങ്കുകളിലും മറ്റ് വിദേശ രഹസ്യ സങ്കേതങ്ങളിലും രഹസ്യമായി സൂക്ഷിച്ചിട്ടുള്ള കള്ളപ്പണം.

- കൂടുതൽ ധനികരായവരുടെമേലുള്ള സ്വത്തുനികുതി വർധിപ്പിക്കുക; അനന്തരാവകാശമായി കിട്ടുന്ന സ്വത്തിന്മേൽ നികുതി ചുമത്തുക.
- മൗറീഷ്യസ് റൂട്ട് അടയ്ക്കുക; മൗറീഷ്യസും മറ്റ് രാജ്യങ്ങളുമായി ഉണ്ടാക്കിയിട്ടുള്ള, ഇരട്ട നികുതി ഒഴിവാക്കൽ കരാർ പുന:പരിശോധിക്കുക.

**ധനമേഖലയുടെ മേലുള്ള നിയന്ത്രണങ്ങൾ**

ധനമേഖലയുടെമേൽ ശക്തമായ നിയന്ത്രണങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ഫിനാൻസിനുമേലും വികസനാധിഷ്ഠിത സാമ്പത്തികനയത്തിൻെറ പുനരുത്ഥാരണത്തിനുമേലും ഗവൺമെൻറിൻെറ പ്രബലമായ നിയന്ത്രണം കൊണ്ടുവരിക. താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യണമെന്ന് സിപിഐ (എം) ആവശ്യപ്പെടുന്നു.

- പൂർണമായ മൂലധനഅക്കൗണ്ട് കൺവർടിബിലിറ്റി കൊണ്ടുവരാനുള്ള നീക്കം (താരാപ്പൂർ കമ്മിറ്റിയുടെ ശുപാർശയനുസരിച്ച്) ഉപേക്ഷിക്കുക. ധനമൂലധനത്തിൻെറ രാജ്യത്തിനകത്തേക്കും പുറത്തേയ്ക്കുമുള്ള ഒഴുക്കിന്മേൽ കർശനമായ നിയന്ത്രണം പുന:സ്ഥാപിക്കുക.
- വിദേശ സ്ഥാപന നിക്ഷേപകർ ഉപയോഗപ്പെടുത്തുന്ന പാർടിസിപ്പേറ്ററി നോട്ടുകൾ നിരോധിക്കുക. ഊഹക്കച്ചവടപരമായ ധനത്തിൻെറ വരവിനെ നിരുത്സാഹപ്പെടുത്തുക.

- പൊതുമേഖലാ ബാങ്കുകളിലെ ഗവൺമെൻറ് ഓഹരി കുറയ്ക്കുന്നതിനുള്ള നീക്കം അവസാനിപ്പിക്കുക. ബാങ്കിങ് മേഖലയിലും ഇൻഷ്വറൻസ് മേഖലയിലുമുള്ള പൊതുമേഖലയെ ശക്തിപ്പെടുത്തുക; മുൻഗണനാമേഖലകൾക്ക് വായ്പനൽകുന്നതിനുള്ള നിബന്ധനകൾ കർശനമായി പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക.
- ബാങ്കിങ് നിയന്ത്രണ (ഭേദഗതി) ബിൽ ഉപേക്ഷിക്കുക. ഇന്ത്യൻ ബാങ്കുകളെ വിദേശബാങ്കുകൾ കയ്യടക്കുന്നതിനെ തടയുക.
- ഇൻഷ്വറൻസ് മേഖലയിൽ വിദേശ പ്രത്യക്ഷ നിക്ഷേപത്തിനുള്ള പരിധി ഉയർത്തുന്നതിനായി കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന നിയമനിർമാണം ഉപേക്ഷിക്കുക.
- പെൻഷൻ ഫണ്ടുകൾ സ്വകാര്യവൽക്കരിക്കാൻ പാടില്ല. പെൻഷൻ ഫണ്ടും പ്രോവിഡണ്ട് ഫണ്ടും ഓഹരി വിപണിയിലേക്ക് വഴിതിരിച്ചുവിടരുത്.

**കൃഷിയുടെ അഭിവൃദ്ധി**

കാർഷിക പ്രതിസന്ധി ഇല്ലാതാക്കുന്നതിനും കൃഷിപ്പണി ആദായകരമാക്കുന്നതിനും കർഷക ജനസാമാന്യത്തിൻെറ വരുമാനം വർധിക്കുമെന്ന് ഉറപ്പുവരുത്തുന്നതിനുമായി താഴെപ്പറയുന്ന നടപടികൾ സിപിഐ (എം) നിർദ്ദേശിക്കുന്നു.

- കൃഷിക്കാരെ സംബന്ധിച്ച ദേശീയ കമ്മീഷൻെറ ശുപാർശകളിൽ കൃഷിക്കാർക്ക് അനുകൂലമായവ നടപ്പാക്കുക.
- എണ്ണക്കുരുക്കള്, മറ്റ് നാണ്യവിളകള്, പരമ്പരാഗത ചരക്കുകൾ എന്നിവയടക്കം കൂടുതൽ വിളകളിലേക്ക് മിനിമം താങ്ങുവില വ്യാപിപ്പിക്കുക; വാണിജ്യവിളകൾക്ക് തറവില നിശ്ചയിക്കുന്നതിനായി കമ്മോഡിറ്റി ബോർഡുകൾ പുന:സ്ഥാപിക്കുക.
- കാർഷികമേഖലയ്ക്ക് പരമാവധി 4 ശതമാനം പലിശനിരക്കിൽ സ്ഥാപനങ്ങളിൽനിന്ന് വായ്പ ലഭ്യമാക്കും എന്ന് ഉറപ്പുവരുത്തുക.
- ഗ്രാമീണമേഖലയിലെ വൈദ്യുതിവിതരണത്തിൽ പൊതുനിക്ഷേപം വർദ്ധിപ്പിക്കുക; വൈദ്യുതിയുടെ സ്വകാര്യവൽക്കരണം അവസാനിപ്പിക്കുക; കൃഷി ആവശ്യത്തിനായി തടസ്സംകൂടാതെ വൈദ്യുതി ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്തുക; ജലസേചന സൗകര്യം വിപുലമാക്കുക.
- പൊതുഉടമയിലെ ഉൽപാദനവും വിപണനവ്യവസ്ഥയുംവഴി എല്ലാ കൃഷിക്കാർക്കും താങ്ങാനാവുന്ന വിലയ്ക്ക് ഉയർന്ന നിലവാരമുള്ള വിത്ത്, വളം, വെള്ളം, വൈദ്യുതി എന്നിവ ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്തുക; വിത്ത് ബിൽ പിൻവലിക്കുക; കൃഷിക്കാർക്ക് സഹായകമാകുന്ന വിത്തുനിയമം കൊണ്ടുവരിക.
- കരാർ കൃഷിക്കുവേണ്ടി വാദിക്കുന്ന മാതൃകാ എപിഎംസി നിയമം പിൻവലിക്കുക; കാർഷിക വിപണികളിൽ കൃഷിക്കാർക്ക് സഹായകമായ പരിഷ്കാരങ്ങൾ കൊണ്ടുവരുക.
- കൃഷിയിലെ ഇന്ത്യാ-അമേരിക്കൻ നോളേജ് ഇനീഷ്യേറ്റീവ് റദ്ദാക്കുക; അതുസംബന്ധിച്ച രേഖകളെല്ലാം പരസ്യമാക്കുക; കാർഷിക ഗവേഷണത്തിനും കാർഷിക വികസനത്തിനും വേണ്ടിയുള്ള പൊതുനിക്ഷേപം വർദ്ധിപ്പിക്കുകയും അതിനായുള്ള പൊതു സ്ഥാപനങ്ങൾ വ്യാപകമാക്കുകയും ചെയ്യുക.
- വൻകിട ബിസിനസ്സുകൾക്ക് അനുകൂലമായ ബൗദ്ധിക സ്വത്തവകാശ വ്യവസ്ഥയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുക; ജൈവവൈവിധ്യം സംരക്ഷിക്കുന്നതു സംബന്ധിച്ച സ്വകാര്യ

കാർഷിക ഗവേഷണത്തിന് കർശനമായ നിയന്ത്രണം കൊണ്ടുവരുമെന്ന് ഉറപ്പുവരുത്തുക.

**ഭക്ഷ്യ സുരക്ഷിതത്വവും പൊതുവിതരണ വ്യവസ്ഥയും**

- ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി താഴെപ്പറയുന്ന കാര്യങ്ങൾ സിപിഐ (എം) നിർദ്ദേശിക്കുന്നു.
- സാർവത്രികമായ പൊതുവിതരണവ്യവസ്ഥ വീണ്ടും നടപ്പാക്കുക; തെറ്റായ ദാരിദ്ര്യരേഖാ കണക്കുകളുടെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ചിട്ടുള്ള ബിപിഎൽകാരെ മാത്രം ലക്ഷ്യംവെച്ചുകൊണ്ടുള്ള പൊതുവിതരണ സമ്പ്രദായം ഉപേക്ഷിക്കുക; പൊതുവിതരണ സംവിധാനംവഴി സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണംചെയ്യുന്നതിനുള്ള വകുപ്പ് ഉണ്ടാക്കുക.
- ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലുമുള്ള വിപുലമായ ജനവിഭാഗങ്ങളെ ഉൾക്കൊള്ളത്തക്കവിധത്തിൽ അന്ത്യോദയ പദ്ധതി വിപുലമാക്കുക; അന്ത്യോദയ പദ്ധതിക്കുള്ളിൽ ഗിരിവർഗ സമുദായങ്ങളെക്കൂടി ഉൾപ്പെടുത്തത്തക്കവിധത്തിൽ പ്രത്യേക നടപടികള്.
- പഞ്ചസാര, പയർവർഗങ്ങള്, ഭക്ഷ്യഎണ്ണ എന്നിവയടക്കം പതിനാല് അവശ്യവസ്തുക്കൾ പൊതുവിതരണ സംവിധാനംവഴി നൽകുക.
- പൊതുവിതരണ സംവിധാനംവഴി വിതരണം ചെയ്യുന്നതിന് സംസ്ഥാനങ്ങൾക്ക് അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യത്തിൽ വരുത്തിയ വെട്ടിക്കുറവ് പുന:സ്ഥാപിക്കുക; സംസ്ഥാനങ്ങൾക്ക് അവരുടെ ഭക്ഷ്യധാന്യങ്ങളുടെ വിഹിതം പൂർണമായും നൽകുക.
- എഫ്സിഐ സംവിധാനവും എഫ്സിഐ ഗോഡൗണുകളും ശക്തിപ്പെടുത്തുക-പ്രത്യേകിച്ച്, വടക്കുകിഴക്കൻ മേഖലയില്. ബഹുരാഷ്ട്ര കുത്തകകളും സ്വകാര്യ കോർപ്പറേറ്റുകളും ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നത് തടയുക

**അവശ്യസാധനങ്ങളുടെ വിലക്കയറ്റം തടയുക**

വിലക്കയറ്റം തടയുന്നതിന് താഴെ പറയുന്ന നടപടികൾ കൈക്കൊള്ളുന്നത് അത്യാവശ്യമാണെന്ന് സിപിഐ എം കരുതുന്നു:

- എണ്ണയുടെ മേലുള്ള കസ്റ്റംസ് ഡ്യൂട്ടിയും എക്സൈസ് ഡ്യൂട്ടിയും വെട്ടിക്കുറച്ചുകൊണ്ട്, പെട്രോളിൻെറയും ഡീസലിൻെറയും ചില്ലറവിൽപന വില കുറയ്ക്കുക.
- പാർലമെൻററി സ്റ്റാൻറിങ് കമ്മിറ്റിയുടെ ശുപാർശയനുസരിച്ച്, എല്ലാ കാർഷിക ചരക്കുകളുടെയും അവധിവ്യാപാരം നിരോധിക്കുക.
- അവശ്യസാധനങ്ങൾ പൂഴ്ത്തിവെക്കുന്നതിനെതിരായി കർശനമായ നടപടികൾ കൈക്കൊള്ളുക, പൂഴ്ത്തിവെപ്പും കരിഞ്ചന്തയും തടയുന്നതിനായി അവശ്യവസ്തു നിയമത്തിലെ വകുപ്പുകൾ കൂടുതൽ കർശനമാക്കുക.
- ഗോഡൗണുകളിലും വെയർഹൗസുകളിലും സൂക്ഷിച്ചിട്ടുള്ള സ്വകാര്യ സ്റ്റോക്കിൻെറ അളവ് വെളിപ്പെടുത്തുന്നതിനുള്ള നിബന്ധനകൾ കർശനമാക്കുക.

**ഭൂപ്രശ്നങ്ങൾ**

ഗ്രാമീണമേഖലയിലെ പരിവർത്തനത്തിൽ ഏറ്റവും കൂടുതൽ പ്രാധാന്യം അർഹിക്കുന്ന ഒരൊറ്റ നടപടി ഭൂപരിഷ്കരണം നടപ്പാക്കലാണ്. സിപിഐ എം താഴെപ്പറയുന്ന കാര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നു.

- ഭൂപരിധി നിയമത്തിൽ വെള്ളം ചേർക്കാനുള്ള ഇപ്പോഴത്തെ ധൃതിപിടിച്ച നീക്കത്തിൽനിന്ന് പിൻമാറുക; ഭൂപരിഷ്കരണം നടപ്പാക്കുന്നതിന് സമഗ്രവും ദ്രുതഗതിയിലുള്ളതുമായ നടപടികൾ കൈക്കൊള്ളുക.
- ഭൂപരിധിക്കുമേലെയുള്ള എല്ലാ മിച്ച ഭൂമിയും ഏറ്റെടുക്കുകയും വിതരണം നടത്തുകയും ചെയ്യുക; കൃഷിയോഗ്യമായ തരിശു ഭൂമി ഭൂരഹിതർക്കും ദരിദ്ര കർഷക കുടുംബങ്ങൾക്കും സൗജന്യമായി വിതരണംചെയ്യുക; പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്ക് ഇക്കാര്യത്തിൽ മുൻഗണന നൽകണം; സ്ത്രീകൾക്ക് ഭൂമിയിൽ തുല്യമായ അവകാശത്തോടെ കൂട്ടായ പട്ടയങ്ങൾ വിതരണം ചെയ്യണം.
- എല്ലാ സംസ്ഥാനങ്ങളിലും കുടിയാന്മാരുടെ രേഖയുണ്ടാക്കുകയും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്യണം. (ഇത് ചെയ്തിട്ടില്ലാത്ത സംസ്ഥാനങ്ങളില്)
- ഭൂമിയുടെ ഉടമസ്ഥരുടെയും ഭൂമിയെ ആശ്രയിച്ച് ജീവിക്കുന്ന മറ്റുള്ളവരുടെയും താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി പുതിയ ഭൂമി ഏറ്റെടുക്കൽ നിയമം ഉണ്ടാക്കുക; ഭൂമി ഏറ്റെടുക്കപ്പെടുന്നതുകൊണ്ട് വിഷമമുണ്ടാകുന്നവരുടെ രേഖാമൂലമുള്ള സമ്മതം ഉറപ്പുവരുത്തുക; റിയൽ എസ്റ്റേറ്റ് ഊഹ കച്ചവടത്തിനായി ഭൂമി തട്ടിയെടുക്കുന്നത് നിരോധിക്കുക; ഭൂമി ഏറ്റെടുക്കുന്നതുകൊണ്ട് വിഷമം ഉണ്ടാകുന്ന എല്ലാവർക്കും മതിയായ നഷ്ടപരിഹാരവും പുനരധിവാസവും ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തത്തക്കവിധത്തിൽ നഷ്ടപരിഹാര-പുനരധിവാസ നിയമം നിർമിക്കുക.

**വ്യാവസായിക വികസനം**

വ്യവസായത്തിൻെറയും കൃഷിയുടെയും സന്തുലിതമായ വളർച്ച തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാമ്പത്തിക വികസനത്തിനും സുപ്രധാനമാണ്. വ്യവസായത്തിൻെറ ആസൂത്രിതമായ വികസനത്തിനായി, സിപിഐ എം താഴെ പറയുന്ന കാര്യങ്ങൾ മുന്നോട്ടുവെക്കുന്നു:

- പുതിയ മൂലധനവും സാങ്കേതിക വിദ്യയും ഉപയോഗപ്പെടുത്തിക്കൊണ്ട്, തന്ത്രപരമായ മേഖലകളിലും ഘനവ്യവസായ മേഖലകളിലും ഉള്ള പൊതുമേഖലയെ ശക്തിപ്പെടുത്തുകയും വിപുലപ്പെടുത്തുകയും ചെയ്യുക, പൊതുമേഖലയുടെ കാര്യക്ഷമതയും സ്വയം ഭരണാധികാരവും വർധിപ്പിക്കുക.
- ലാഭമുണ്ടാക്കുന്നതും ലാഭകരമാക്കാൻ കഴിയുന്നതുമായ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണവും ഓഹരിവിൽപനയും പൂർണമായും തടയുക.
- തൊഴിൽ പ്രധാനമായ ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്ക് പശ്ചാത്തല സൗകര്യങ്ങൾ അനുവദിച്ചും ബാങ്കുകളിൽനിന്ന് വേണ്ടത്ര വായ്പ ലഭ്യമാക്കിയും ആവശ്യമായ മറ്റ് ആനുകൂല്യങ്ങൾ നൽകിയും അവയെ പ്രോൽസാഹിപ്പിക്കുക.
- കൈത്തറി, കയർ തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾക്ക് സംരക്ഷണം നൽകുക; നെയ്ത്തുകാർക്ക് നിയന്ത്രിത നിരക്കിൽ നൂല് ലഭ്യമാക്കണം. അവരുടെ ഉൽപന്നങ്ങൾ വിപണനം നടത്തുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കണം.
- ഇറക്കുമതിച്ചുങ്കം യാതൊരു വിവേചനവും കൂടാതെ വെട്ടിക്കുറയ്ക്കുന്നതുമൂലവും ഇന്ത്യൻ കമ്പനികളെ വിദേശ കമ്പനികൾ ഏറ്റെടുക്കുന്നതുമൂലവും ഉണ്ടാകുന്ന വിഷമങ്ങളിൽനിന്ന് ആഭ്യന്തര വ്യവസായത്തിന് സംരക്ഷണം നൽകുക; നിർമാണമേഖലയിലും സർവീസ് മേഖലയിലും നിക്ഷേപം നടത്തുന്നതിന് സ്വകാര്യമേഖലയെ പ്രോൽസാഹിപ്പിക്കുക. തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതും ഗവേഷണ - വികസന പ്രവർത്തനങ്ങൾ നടത്തുന്നതുമായി ബന്ധപ്പെടുത്തിക്കൊണ്ട് സ്വകാര്യമേഖലയ്ക്ക് പ്രോത്സാഹനം (ഇൻസെൻറീവ്) നൽകുക.

- ചെറുകിട വ്യാപാരത്തിൽ വിദേശ പ്രത്യക്ഷ നിക്ഷേപം നിരോധിക്കുക; ലൈസൻസിങ് നയത്തിലൂടെ ആഭ്യന്തര കോർപറേറ്റ് ചെറുകിട വ്യാപാരികൾക്ക് നിയന്ത്രണം.
- വിദേശ പ്രത്യക്ഷ നിക്ഷേപം പിൻവാതിലിലൂടെ പ്രവേശിക്കുന്നത് തടയുന്നതിനായി, വിദേശ പ്രത്യക്ഷ നിക്ഷേപത്തിന്റെ മാർഗ നിർദ്ദേശങ്ങളിൽ മാറ്റംവരുത്തുക; ഉൽപ്പാദനക്ഷമത വർധിപ്പിക്കുകയും പുതിയ സാങ്കേതികവിദ്യ സ്വായത്തമാക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട്, ആവശ്യമായ മേഖലകളിലേക്ക് വിദേശ മൂലധനം വഴി തിരിച്ചുവിടണം.
- ഇപ്പോഴുള്ള നിരവധി നികുതി ഇളവുകൾ എടുത്തു കളയുന്നതിനും ഭൂമിയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും ആയി പ്രത്യേക സാമ്പത്തിക മേഖല (sez) നിയമവും ചട്ടങ്ങളും ഭേദഗതി ചെയ്യുക; എല്ലാ സെസ്സുകളിലും (sez) തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പാക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക.
- ഖനിജ മേഖലയിൽ ഇനിയും കൂടുതൽ സ്വകാര്യവൽക്കരണവും ഉദാരവൽക്കരണവും തടയുക; ഇരുമ്പയിര് കയറ്റുമതി ചെയ്യുന്നത് നിരോധിക്കുക; കൽക്കരിക്കും മറ്റ് ഖനിജവസ്തുക്കൾക്കും നൽകുന്ന റോയൽറ്റിയുടെ നിരക്ക് വർധിപ്പിക്കുക.

**പശ്ചാത്തല സൗകര്യങ്ങൾ**

- പശ്ചാത്തല സൗകര്യങ്ങളുടെ കാര്യത്തിലുള്ള പൊതുനിക്ഷേപം വർധിപ്പിക്കുക; വൈദ്യുതി, വാർത്താവിനിമയം, റെയിൽവെ, റോഡ്, തുറമുഖങ്ങള്, വിമാനത്താവളങ്ങൾ എന്നിവയ്ക്ക് വേണ്ടത്ര പദ്ധതിത്തുക വകയിരുത്തുക.
- സ്വാശ്രയ ദേശീയ വികസനത്തിന്റെ താൽപര്യങ്ങൾക്കനുസരിച്ച് ഇന്ധനനയവും ടെലകോം നയവും പുന:പരിശോധിക്കുക; വൈദ്യുതി നിയമം 2003 പുന:പരിശോധിക്കുക.
- പിപിപി വഴി (സ്വകാര്യ-പൊതുമേഖലാ പങ്കാളിത്തം) യുള്ള പശ്ചാത്തല സൗകര്യങ്ങളുടെ സ്വകാര്യവൽക്കരണം പുന:പരിശോധിക്കുക.
- ഗ്രാമീണ പശ്ചാത്തല സൗകര്യങ്ങൾക്ക് ഊന്നൽനൽകുക; ഗ്രാമീണ റോഡുകൾക്കും വൈദ്യുതീകരണത്തിനും മറ്റും കൂടുതൽ തുക നീക്കിവെയ്ക്കുക.

**ഡബ്ല്യു ടി ഒ യും വ്യാപാര പ്രശ്നങ്ങളും**

താഴെപറയുന്ന കാര്യങ്ങൾക്കുവേണ്ടി സിപിഐ (എം) നിലകൊള്ളുന്നു.

- ഡബ്ല്യുടിഒയുടെ നടന്നുകൊണ്ടിരിക്കുന്ന ദോഹവട്ട ചർച്ചകളിൽ ഇന്ത്യയുടെ താൽപര്യങ്ങളും വികസ്വരരാജ്യങ്ങളുടെ താൽപര്യങ്ങളും സംരക്ഷിക്കുക; കാർഷിക ചരക്കുകളുടെയും വ്യാവസായിക ചരക്കുകളുടെയും കാര്യത്തിൽ താരിപ്പുകൾ ഇതിൽ കൂടുതൽ വെട്ടിക്കുറയ്ക്കാൻ പാടില്ല.

- ചെറുകിട-നാമമാത്ര കൃഷിക്കാരുടെ സംരക്ഷണത്തിനായുള്ള നടപടികൾ പുന:സ്ഥാപിക്കുക- അളവുപരമായ നിയന്ത്രണങ്ങളടക്കം.
- ആരോഗ്യം, വിദ്യാഭ്യാസം, ജലവിഭവം, ബാങ്കിങ്, സാമ്പത്തിക സേവനങ്ങൾ തുടങ്ങിയ മേഖലകളെ ഗാട്ടിന്റെ പരിധിയിൽനിന്ന് ഒഴിവാക്കുക; ട്രിപ്പ്സ് കരാർ പുന:പരിശോധിക്കുന്നതിന് സമ്മർദ്ദംചെലുത്തുക.
- നിലവിലുള്ള സ്വതന്ത്ര വ്യാപാരക്കരാറുകൾ പുന:പരിശോധിക്കുക; ഇയു, ഇഎഫ്ടിഎ

എന്നിവയുമായി ഇന്ത്യ നടത്തിക്കൊണ്ടിരിക്കുന്ന സ്വതന്ത്ര വ്യാപാരക്കരാര്‍ സംബന്ധിച്ച ചര്‍ച്ചകളുടെ അവസ്ഥ പരസ്യപ്പെടുത്തുക.

**ഫെഡറലിസം ശക്തിപ്പെടുത്തുക**

കേന്ദ്ര-സംസ്ഥാന ബന്ധങ്ങള്‍ സമഗ്രമായ പുന:സംഘടനയ്ക്ക് വിധേയമാക്കുന്നതിനുവേണ്ടി, സിപിഐ (എം) താഴെപ്പറയുന്ന കാര്യങ്ങള്‍ക്കായി നിലകൊള്ളുന്നു.

- ഭരണഘടനയിലെ 355, 356 എന്നീ വകുപ്പുകള്‍ ദുരുപയോഗപ്പെടുത്തുന്നത് തടയുന്നതിനുവേണ്ടി അവ ഭേദഗതിചെയ്യുക.
- ഒരു സംസ്ഥാനത്തിന്‍െറ മുഖ്യമന്ത്രി നിര്‍ദ്ദേശിക്കുന്ന മൂന്ന് പ്രഗത്ഭ വ്യക്തികളുടെ ലിസ്റ്റില്‍നിന്ന് ഒരാളെ ഗവര്‍ണറായി പ്രസിഡണ്ട് നിയമിക്കണം.
- കേന്ദ്ര നികുതിയായി സംഭരിക്കുന്ന മൊത്തം തുകയുടെ 50 ശതമാനം സംസ്ഥാനങ്ങള്‍ക്കായി വീതിച്ചുകൊടുക്കണം; വിപണിയില്‍നിന്ന് വായ്പയെടുക്കാനുള്ള സംസ്ഥാനങ്ങളുടെ വിഹിതം 50 ശതമാനമാക്കി ഉയര്‍ത്തണം.
- എഫ്ആര്‍ബിഎം നിയമം പാസാക്കണം തുടങ്ങിയ സംസ്ഥാനങ്ങളുടെമേല്‍ കെട്ടിയേല്‍പിക്കപ്പെട്ടിട്ടുള്ള നിബന്ധനകള്‍ പിന്‍വലിക്കണം; ഫിനാന്‍സ് കമ്മീഷനുകളുടെ ഘടനയെ സംബന്ധിച്ചും പരിഗണനാവിഷയങ്ങളെ സംബന്ധിച്ചും സംസ്ഥാനങ്ങള്‍ക്ക് അഭിപ്രായം പറയാനുള്ള അധികാരം ഉണ്ടായിരിക്കണം.
- സംസ്ഥാന വിഷയങ്ങളില്, കേന്ദ്രഗവണ്‍മെന്‍റിന്‍െറ ആഭിമുഖ്യത്തിലുള്ള പദ്ധതികള്, അവയ്ക്ക് ആവശ്യമായ ഫണ്ടുകളോടുകൂടി, സംസ്ഥാനങ്ങള്‍ക്ക് കൈമാറണം.
- അന്തര്‍ സംസ്ഥാന കൗണ്‍സിലിന്‍െറ തീരുമാനം നടപ്പാക്കാന്‍ യൂണിയന്‍ ഗവണ്‍മെന്‍റിനെ ബാധ്യസ്ഥമാക്കുന്നതിനായി ഭരണഘടനാ ഭേദഗതി കൊണ്ടുവരിക; ദേശീയ വികസന കൗണ്‍സിലിന് ഭരണഘടനാ പദവി നല്‍കണം; ദേശീയ വികസന കൗണ്‍സിലിന്‍െറ നിര്‍വഹണവിഭാഗമായി ആസൂത്രണക്കമ്മീഷന്, പ്രവര്‍ത്തിക്കണം.
- പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ ചെലവ്, ജിഡിപിയുടെ ചുരുങ്ങിയത് ഇത്ര ശതമാനം ആയിരിക്കണം എന്ന ലക്ഷ്യം നിശ്ചയിക്കുക; പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങള്‍ക്ക് വിട്ടുകൊടുക്കുന്ന ഫണ്ടുകള്‍ പോകേണ്ടത് സംസ്ഥാന ഗവണ്‍മെന്‍റുകള്‍വഴിയായിരിക്കണം.

**ജമ്മു-കാശ്മീര്‍**

- ഭരണഘടനയുടെ 370-ാം വകുപ്പിന്‍െറ പൂര്‍ണമായ വ്യാപ്തിയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട്, സംസ്ഥാനത്തിന് പരമാവധി സ്വയംഭരണാധികാരം നല്‍കുക എന്ന അടിസ്ഥാനത്തില്‍ കാശ്മീര്‍ പ്രശ്നത്തിന് രാഷ്ട്രീയ പരിഹാരം ഉണ്ടാക്കണം; ജമ്മു, കാശ്മീര്, ലഡാക്ക് എന്നീ മേഖലകള്‍ക്ക് മേഖലാപരമായ സ്വയംഭരണാധികാരം അനുവദിച്ചുകൊണ്ടുള്ള സ്വയംഭരണാധികാര സംവിധാനം രൂപീകരിക്കണം.
- നിരപരാധികളായ ആളുകള്‍ക്കുനേരെ സുരക്ഷാസേന അതിക്രമങ്ങള്‍ കാണിക്കുന്നത് തടയുന്നതിന് ശക്തമായ നടപടികള്‍ വേണം.
- യുവാക്കള്‍ക്ക് തൊഴില്‍ അവസരങ്ങള്‍ ഉണ്ടാക്കിക്കൊടുക്കുക, താറുമാറായ പശ്ചാത്തല സൗകര്യങ്ങള്‍ പുന:സംഘടിപ്പിക്കുക എന്നീ കാര്യങ്ങളില്‍ പ്രത്യേകം ഊന്നിക്കൊണ്ട്, സംസ്ഥാനത്തിന്‍െറ സാമ്പത്തിക വികസനം ഉറപ്പുവരുത്തുക.

വടക്കു-കിഴക്കന്‍ മേഖല

- വികസനത്തെ സംബന്ധിച്ചിടത്തോളം വടക്കുകിഴക്കൻ മേഖല മുൻഗണനാമേഖലയാണെന്ന് പ്രഖ്യാപിക്കണം; ഭൗതികമായ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുക; യുവാക്കൾക്കുവേണ്ടി പ്രത്യേക തൊഴിൽ പദ്ധതികൾ നടപ്പാക്കുക; അതിർത്തിയിലെ വേലികെട്ടൽ ദ്രുതഗതിയിൽ പൂർത്തിയാക്കണം.
- ആറാം പട്ടികയ്ക്കു കീഴിൽ ഭരണപരമായ അധികാരങ്ങളും ധനപരമായ അധികാരങ്ങളും സംരക്ഷിക്കുകയും വിപുലമാക്കുകയും വേണം; വിവിധ വംശീയ വിഭാഗങ്ങളുടെയും ദേശീയതകളുടെയും സ്വത്വം സംരക്ഷിക്കപ്പെടണം.

**ഭീകരപ്രവർത്തനത്തിനെതിരെ**

താഴെപ്പറയുന്ന കാര്യങ്ങൾക്കായി സിപിഐ (എം) നിലകൊള്ളുന്നു:

- രഹസ്യാന്വേഷണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുക; രഹസ്യാന്വേഷണ സംവിധാനവും സുരക്ഷാ സംവിധാനവും തമ്മിലുള്ള സംയോജനം കൂടുതൽ ശക്തിപ്പെടുത്തുക.
- ഫെഡറൽ ഘടന ലംഘിക്കാതെവേണം ഫെഡറൽ ഇൻവെസ്റ്റിഗേറ്റിംഗ് ഏജൻസി പ്രവർത്തിക്കാന്. ഒരു പ്രത്യേക സംസ്ഥാനത്തിനുള്ളിൽ അന്വേഷണം നടത്തുമ്പോൾ ആ സംസ്ഥാന ഗവൺമെൻറുമായി ബന്ധപ്പെട്ടുകൊണ്ടാണ് അങ്ങനെ ചെയ്യുന്നതെന്ന് ഉറപ്പുവരുത്തണം.
- പൊലീസ് സേനയുടെ ആധുനികവൽക്കരണം.
- തീരദേശ സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുക.
- 180 ദിവസംവരെ ജാമ്യമില്ലാതെ കരുതൽ തടങ്കലിൽവെയ്ക്കാം, വിവരങ്ങൾ നൽകാതിരിക്കുന്നതിന് 3 കൊല്ലത്തെ തടവ് ഉടങ്ങിയ കിരാതമായ വകുപ്പുകൾ എടുത്തുകളയുന്നതിനായി നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം ഭേദഗതിചെയ്യുക.

**ഒരു സ്വതന്ത്ര വിദേശനയത്തിലേക്ക്**

**വിദേശനയം**

താഴെ പറയുന്ന കാര്യങ്ങൾക്കായി പ്രവർത്തിക്കും.

- സാമ്രാജ്യത്വ സമ്മർദ്ദങ്ങളെ ചെറുക്കുംവിധം സ്വതന്ത്രവും ചേരിചേരായ്മയിലധിഷ്ഠിതവുമായ വിദേശനയം ഉയർത്തിപ്പിടിക്കും; ദക്ഷിണ - ദക്ഷിണ സഹകരണത്തിനും ഒരു പുത്തൻ അടിത്തറയിൽ ചേരിചേരാ പ്രസ്ഥാനത്തെ പുനരുജ്ജീവിപ്പിക്കുന്നതിനും മുൻകൈയെടുക്കും.
- അന്തർദേശീയ ബന്ധങ്ങളിൽ ബഹുധ്രുവത പ്രോൽസാഹിപ്പിക്കുക; ബ്രസീല്, റഷ്യ, ഇന്ത്യ, ചൈന, ദക്ഷിണാഫ്രിക്ക (BRICS) എന്നീ രാജ്യങ്ങൾ തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുക; ചൈനയുമായുള്ള ബന്ധങ്ങൾ മെച്ചപ്പെടുത്തുക; ഇന്ത്യ, ചൈന, റഷ്യ എന്നിവയ്ക്കിടയിലുള്ള ത്രിതല സഹകരണം വികസിപ്പിക്കുക.
- യുഎസ് സൈനിക ഇടപെടലുകളെ എതിർക്കുക; യുഎസ് സ്പോൺസർ ചെയ്യുന്ന `ഭീകരതക്കെതിരായ യുദ്ധ'ത്തിൽനിന്ന് അകലം പാലിക്കുക.
- രാജ്യങ്ങൾ തമ്മിലുള്ള എല്ലാവിധ തർക്കങ്ങളും കൈകാര്യം ചെയ്യാവുന്ന വിധം ഐക്യരാഷ്ട്ര സഭയെപ്പോലുള്ള ബഹുതല സംവിധാനങ്ങളെ ശക്തിപ്പെടുത്തുക; ഐക്യരാഷ്ട്രസഭയുടെയും സുരക്ഷാ കൗൺസിലിൻെറയും സംവിധാനങ്ങളെ ജനാധിപത്യവൽക്കരിക്കുക.

- ഏതു തരത്തിലുള്ള അന്തർദേശീയ ഉടമ്പടികളുണ്ടാക്കുന്നതിനും നിയമനിർമാണ സഭയുടെ അംഗീകാരം നിർബന്ധമാക്കുന്നവിധം ഭരണഘടനാ ഭേദഗതി വരുത്തുക.
- ഇന്ത്യയിലെയും പാകിസ്ഥാനിലെയും ജനങ്ങൾ തമ്മിലുള്ള ബന്ധത്തെ പ്രോൽസാഹിപ്പിക്കുക; അനുയോജ്യമായ സമയത്ത് ഇന്ത്യാ -പാക് ചർച്ച പുനരാരംഭിക്കുക.
- ശ്രീലങ്കയിലെ യുദ്ധമേഖലയിൽ ജീവിക്കുന്ന തമിഴ് ജനതയുടെ ജീവൻ രക്ഷിക്കുന്നതിനാവശ്യമായ രാഷ്ട്രീയവും നയതന്ത്രപരവുമായ ശ്രമങ്ങൾ നടത്തുക; ഐക്യ ശ്രീലങ്ക എന്ന ചട്ടക്കൂടിനകത്ത് തമിഴ് സംസാരിക്കുന്ന ജനങ്ങൾക്ക് സ്വയം ഭരണാധികാരം ഉറപ്പുവരുത്തുന്നതിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് ഒരു അടിയന്തിര രാഷ്ട്രീയ ഒത്തുതീർപ്പിനായി പരിശ്രമിക്കുക.
- സാർക് രാജ്യങ്ങളുമായുള്ള സഹകരണം പ്രോൽസാഹിപ്പിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് ദക്ഷിണേഷ്യയിലെ എല്ലാ അയൽരാജ്യങ്ങളുമായി ബന്ധങ്ങൾ മെച്ചപ്പെടുത്തുക; ഭീകരവാദവും മതപരമായ തീവ്രവാദവും തടയുന്നതിനായി ദക്ഷിണേഷ്യൻ രാജ്യങ്ങളുമായി ഏകോപിച്ച പ്രവർത്തനങ്ങൾ നടത്തുക.
- പശ്ചിമേഷ്യൻ രാജ്യങ്ങളുമായി അടുത്ത ബന്ധങ്ങൾ കെട്ടിപ്പടുക്കുക. അമേരിക്കൻ സമ്മർദ്ദത്തെ ചെറുത്തുകൊണ്ട് ഇറാന്-പാകിസ്ഥാൻ - ഇന്ത്യ വാതക പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിൽ വ്യാപൃതമാവുക.
- പലസ്തീൻകാരുടെ ആവശ്യങ്ങൾക്ക് പിന്തുണയേകുക; ഇസ്രയേലുമായുള്ള സൈനിക സുരക്ഷാ ബന്ധങ്ങൾ ഉപേക്ഷിക്കുക.
- കിഴക്കുനോക്കി നയത്തിന് ഊന്നൽ നൽകുക; ദക്ഷിണ പൂർവ്വേഷ്യൻ രാജ്യങ്ങളുമായും പൂർവ്വേഷ്യൻ രാജ്യങ്ങളുമായും സാമ്പത്തിക സഹകരണം ശക്തിപ്പെടുത്തുക.

**സുരക്ഷാകാര്യങ്ങൾ**

- സിവിൽ ആണവ സഹകരണത്തിനായി അമേരിക്കയുമായുണ്ടാക്കിയ 123 കരാർ പുനഃപരിശോധിക്കുകയും മാറ്റി എഴുതുകയും ചെയ്ത് അതിലെ ദ്രോഹകരമായ വകുപ്പുകൾ നീക്കം ചെയ്യുക; ആഭ്യന്തര യുറേനിയം,തോറിയം ശേഖരത്തെ അടിസ്ഥാനപ്പെടുത്തിയുള്ള സ്വാശ്രയ സിവിലിയൻ ആണവോർജ്ജശേഷി നേടുന്നതിനായി പരിശ്രമിക്കുക.
- യുഎന്നിലൂടെ സാർവ്വത്രിക ആണവനിരായുധീകരണത്തിനായി പരിശ്രമിക്കുക; ആണവപരീക്ഷണത്തിന് മൊറൊട്ടോറിയം പ്രഖ്യാപിക്കുന്നതിന് പാർലമെൻറിൻെറ അംഗീകാരം വേണമെന്ന് നിബന്ധന വെക്കുക; ദക്ഷിണേഷ്യയിൽ ആണവ ഭീഷണിയില്ലാത്ത പരിത:സ്ഥിതി വളർത്തിയെടുക്കുന്നതിന് പരിശ്രമിക്കുക. ഇന്ത്യാ സമുദ്രത്തിലെ ദീഗോ ഗാർഷ്യയിൽ സ്ഥിതി ചെയ്യുന്ന അമേരിക്കൻ സൈനിക താവളത്തിൽനിന്ന് ആണവായുധങ്ങൾ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെടുക.
- അമേരിക്കയുമായുള്ള പ്രതിരോധ ചട്ടക്കൂട് കരാർ റദ്ദാക്കുകയും ഇന്തോ- അമേരിക്കൻ സംയുക്ത സൈനികാഭ്യാസങ്ങൾ നിർത്തിവെക്കുകയും ചെയ്യുക.
- ദക്ഷിണേഷ്യയിൽ വിദേശരാജ്യങ്ങളുടെ സൈനികതാവളങ്ങളൊന്നും അനുവദിക്കില്ലെന്ന നയം പ്രോൽസാഹിപ്പിക്കുക.
- പാർലമെൻററി ജനാധിപത്യ വ്യവസ്ഥയുടെ ചട്ടക്കൂടിനുകീഴിൽ പ്രവർത്തിക്കുന്ന ഒരു ദേശീയ സുരക്ഷാസംവിധാനം രൂപപ്പെടുത്തുക.

**ജനങ്ങളുടെ അവകാശങ്ങൾക്കും ജീവിതോപാധികളുടെസുരക്ഷക്കും സാമൂഹ്യനീതിക്കും വേണ്ടി**

**തൊഴിലാളിവർഗം**

- 5-ാമത് ഐഎൽസി മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തൊഴിലാളികളുടെ മിനിമം കൂലി നിരക്ക് പുതുക്കി നിശ്ചയിക്കുക; വില സൂചികകൾ പുതുക്കി നിശ്ചയിക്കുക.
- അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളികളുടേതടക്കം എല്ലാ തൊഴിൽനിയമങ്ങളും കണിശമായി നടപ്പിലാക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുക; തൊഴിൽരംഗത്തെ കരാർവൽക്കരണവും താൽകാലികവൽക്കരണവും നിരുൽസാഹപ്പെടുത്തും.
- അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായുള്ള നിയമനിർമ്മാണത്തെ മെച്ചപ്പെടുത്തുകയും തൊഴിൽകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ഇക്കാര്യത്തിലുള്ള ശുപാർശകൾ നടപ്പിലാക്കുകയും ചെയ്യും; കുടിയേറ്റ തൊഴിലാളികൾക്കും തോട്ടം തൊഴിലാളികൾക്കും പ്രത്യേക സാമൂഹ്യ സുരക്ഷാ നടപടികൾ നടപ്പിലാക്കും.
- രഹസ്യ ബാലറ്റിലൂടെ തൊഴിലാളി യൂണിയൻ അംഗീകാരം ഉറപ്പാക്കുകയും തൊഴിലാളി യൂണിയൻ അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്യും; സ്വകാര്യമേഖലയിലും പൊതുമേഖലയിലും മാനേജ്മെൻറിൽ തൊഴിലാളി പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കും.
- എല്ലാ മേഖലയിലും സ്ത്രീ തൊഴിലാളികൾക്ക് തുല്യവേതനം ഉറപ്പാക്കും. വീട് അടിസ്ഥാനമായി തൊഴിലെടുക്കുന്നവരടക്കം അസംഘടിത മേഖലയിലെ എല്ലാ സ്ത്രീ തൊഴിലാളികൾക്കും ആരോഗ്യ ഇൻഷുറൻസ്, പെൻഷന്, പ്രസവാനുകൂല്യങ്ങൾ എന്നിവ ഉൾപ്പെടെ സാമൂഹ്യ സുരക്ഷാ നടപടികൾ അംഗീകരിക്കും.
- തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരായി നടക്കുന്ന ലൈംഗിക പീഡനങ്ങൾ തടയുന്നതിന് നടപടികൾ സ്വീകരിക്കുകയും വിശാഖാ കേസിലെ വിധിന്യായത്തിൻെറ അടിസ്ഥാനത്തിൽ നിയമനിർമാണം നടത്തുകയും ചെയ്യും.
- അംഗൻവാടിതൊഴിലാളികള്, ഗ്രാമീണ ആരോഗ്യ പ്രവർത്തകര്, ഉച്ചഭക്ഷണതൊഴിലാളികൾ എന്നിവരെ ഗവൺമെൻറ് ജീവനക്കാരായി അംഗീകരിക്കുകയും അവർക്ക് തൊഴിലും സാമൂഹ്യസുരക്ഷിതത്വവും നൽകുകയും ചെയ്യും.
- മൽസ്യത്തൊഴിലാളികൾക്ക് പ്രത്യേക ക്ഷേമ ബോർഡ് രൂപീകരിക്കുകയും അവർക്ക് തിരിച്ചറിയൽ കാർഡുകൾ നൽകി സാമൂഹ്യസുരക്ഷാപദ്ധതികളിൽ ചേർക്കുകയും ചെയ്യും. വിദേശ ട്രോളറുകൾ നിരോധിക്കും. വൻകിട ട്രോളറുകളുടെ മൽസ്യനശീകരണ നടപടികളെയും നിരോധിക്കും. തീരദേശ മാനേജ്മെൻറ് സോൺ നോട്ടിഫിക്കേഷൻ സംബന്ധിച്ച കരട് റദ്ദാക്കും.
- പണിമുടക്കാനുള്ള അവകാശം
- സംഘടിക്കുവാനും കൂട്ടായി വില പേശുന്നതിനും പണിമുടക്കുന്നതിനുമുള്ള ഗവൺമെൻറ് ജീവനക്കാരടക്കം എല്ലാ തൊഴിലാളികളുടെയും അവകാശം സംരക്ഷിക്കും; പണിമുടക്കങ്ങൾ നിരോധിച്ചുകൊണ്ടുള്ള സുപ്രിംകോടതി വിധി റദ്ദാക്കുന്നതിന് നിയമനിർമ്മാണം കൊണ്ടുവരും.
- മറ്റു പൗരന്മാർ അനുഭവിക്കുന്ന എല്ലാ അവകാശങ്ങളും ഭരണപരമായ സ്വന്തം ഉത്തരവാദിത്വങ്ങൾക്ക് വിധേയമായിക്കൊണ്ട്, ഗവൺമെൻറ് ജീവനക്കാർക്കും അനുഭവിക്കുവാൻ അവകാശമുണ്ടെന്ന ഐഎൽഒ കൺവെൻഷൻ 151-ാം പ്രമേയത്തെ അംഗീകരിക്കും.
- കർഷകർ
- കാർഷികവിളകൾക്ക് സ്ഥിരവും ആദായകരവുമായ വില ഉറപ്പാക്കും.

- ആഗോള വിലയിടിവിൽനിന്ന് കർഷകരെ രക്ഷിക്കുന്നതിനായി ഇറക്കുമതി തീരുവ ഉയർത്തും.
- വ്യവസ്ഥാപിത സ്ഥാപനങ്ങളിൽനിന്നും പണമിടപാടുകാരിൽനിന്നും വാങ്ങിയ വായ്പകളെ ഉൾപ്പെടുത്തത്തക്കവിധം ദുരിത ബാധിതരായ കർഷകർക്ക് സമഗ്രമായ വായ്പറദ്ദാക്കൽ പദ്ധതി ഉറപ്പുവരുത്തും.
- ചെറുകിട-നാമമാത്ര കർഷകർക്ക് സബ്സിഡി നൽകും, കർഷകരുടെ വിളകൾക്കും കന്നുകാലികൾക്കും സമഗ്ര ഇൻഷുറൻസ് ഏർപ്പെടുത്തും.
- ജലവിനിയോഗം, കാർഷിക നിക്ഷേപ വസ്തുക്കൾ വാങ്ങല്, വിള സംഭരണം, ഉൽപന്ന വിപണനം, ഡയറി എന്നിവയ്ക്ക് സഹകരണ സ്ഥാപനങ്ങൾ ഉണ്ടാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും.

**കർഷക തൊഴിലാളികൾ**

- കർഷക തൊഴിലാളികളുടെ മിനിമം കൂലി വർധിപ്പിക്കും. സ്ത്രീകളായ കർഷക തൊഴിലാളികൾക്ക് തുല്യവേതനം ഉറപ്പുവരുത്തും.
- കർഷക തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പുവരുത്തുക, കൂട്ടായ വിലപേശലിനുള്ള അവകാശം, പെൻഷന്, അപകട നഷ്ടപരിഹാരം മുതലായവ കേന്ദ്ര ഫണ്ടിങ്ങോടുകൂടി നടപ്പാക്കുന്നതിന് പ്രത്യേകവും സമഗ്രവുമായ നിയമനിർമാണം കൊണ്ടുവരും.
- കർഷക തൊഴിലാളികൾക്ക് സൗജന്യമായി ഭൂമി പുനർ വിതരണം ചെയ്യും. എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും കിടപ്പാടം നൽകും. എല്ലാ ഗ്രാമീണ തൊഴിലാളികൾക്കും ഗ്രാമീണ ഭവനങ്ങൾ നിർമിച്ചുനൽകും.

**സ്ത്രീകൾ**

- നിയമനിർമാണസഭകളിൽ സ്ത്രീകൾക്ക് മൂന്നിൽ ഒന്ന് സീറ്റുകൾ ലഭിക്കുന്ന വിധം സംവരണം ഏർപ്പെടുത്തിക്കൊണ്ട് വനിതാ സംവരണ ബിൽ നിയമമാക്കും.
- കുട്ടികളുൾപ്പെടെയുള്ളവർക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിന് സമഗ്രമായ നിയമനിർമാണം നടത്തും;വൈവാഹിക സ്വത്തിന്മേൽ കൂട്ടവകാശം നിയമപരമായി അംഗീകരിക്കും; അന്തസ്സിന്റെ പേരിൽ നടത്തുന്ന കൊലപാതകങ്ങൾക്കെതിരെ പ്രത്യേകം നിയമം കൊണ്ടുവരും; ആസിഡ് ആക്രമണങ്ങൾക്കെതിരെ നിയമനിർമാണം നടത്തുകയും അതിനിരയായവർക്ക് സഹായമുറപ്പാക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുകയും ചെയ്യും.
- ഈയിടെ ക്രിമിനൽ നടപടി നിയമത്തിൽ വരുത്തിയ ഭേദഗതികളിലൂടെ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളുടെ വകുപ്പുകളിൽ നടത്തിയ വെള്ളം ചേർക്കലുകളെ ഒഴിവാക്കും.
- സ്വയംസഹായ സംഘങ്ങൾക്ക് 4% പലിശനിരക്കിൽ വായ്പ അനുവദിക്കും. സ്വയംസഹായ സംഘങ്ങളുടെ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് പരിശീലനവും സഹായവും നൽകും.
- എല്ലാ സമുദായങ്ങളിലെയും സ്ത്രീകൾക്ക് തുല്യ അവകാശം ഉറപ്പാക്കും. വിവാഹ രജിസ്ട്രേഷൻ നിർബന്ധിതമാക്കും.
- പെൺഭ്രൂണഹത്യയും സ്ത്രീധനവും നിർമാർജ്ജനം ചെയ്യുന്നത് ദേശീയ ലക്ഷ്യമായി ഏറ്റെടുക്കും.
- കേന്ദ്ര ബജറ്റിൽ സ്ത്രീകൾക്ക് കൂടുതൽ വിഭവങ്ങൾ നീക്കിവെക്കും; വിധവകൾക്ക് പ്രത്യേക തൊഴിൽപദ്ധതിയും പെൻഷനും നടപ്പാക്കും; സ്ത്രീകൾ നാഥകളായിട്ടുള്ള കുടുംബങ്ങൾക്ക് ഗവൺമെൻറ് പദ്ധതികളിൽ മുൻഗണന നൽകും.

**കുട്ടികൾ**

- ആറുവയസ്സുവരെയുള്ള വിഭാഗത്തിൽപെട്ട എല്ലാ കുട്ടികളെയും ഉൾപ്പെടുത്താവുന്നവിധം ഐസിഡിഎസ് സാർവത്രികമാക്കും; ഐസിഡിഎസ് സ്വകാര്യവൽക്കരിക്കുന്നത് അവസാനിപ്പിക്കും.
- അംഗൻവാടികളിലെ കുട്ടികൾക്ക് പോഷകാഹാരം നൽകും. സാർവത്രിക രോഗ പ്രതിരോധം ഉറപ്പാക്കും.
- കുട്ടികൾ തൊഴിലെടുക്കുന്നത് നിരോധിക്കുന്ന നിയമം ഫലപ്രദമായി നടപ്പിലാക്കും; രക്ഷപ്പെടുത്തപ്പെട്ട ശൈശവ തൊഴിലാളികളുടെ പുനരധിവാസം ഉറപ്പാക്കും.

**ദളിതർ**

- പട്ടികജാതിക്കാർക്കെതിരായി നടക്കുന്ന തൊട്ടുകൂടായ്മക്കും അതിക്രമങ്ങൾക്കുമെതിരെ കർശനമായ നടപടികൾ ഉറപ്പാക്കും.
- പ്രത്യേക ഘടകപദ്ധതിക്കുകീഴിൽ വകയിരുത്തൽ വർധിപ്പിക്കും. ദളിതരുടെയും ആദിവാസികളുടെയും ജലസേചന സൗകര്യമില്ലാത്ത ഭൂമിയിൽ ചെറുകിട ജലസേചനത്തിനായി ഒരു സമഗ്ര ദേശീയ പദ്ധതി നടപ്പിലാക്കും.
- ദളിത് ക്രിസ്ത്യാനികൾക്കും ദളിത്മുസ്ലീങ്ങൾക്കും സംവരണം വ്യാപിപ്പിക്കും.
- സ്വകാര്യമേഖലയിൽ സംവരണം ഏർപ്പെടുത്തുന്നതിന് നിയമനിർമാണം കൊണ്ടുവരും.
- പ്രത്യേക നിയമന നടപടിയിലൂടെ പട്ടികജാതിക്കാർക്കുള്ള സംവരണ സീറ്റുകള്, തസ്തികകള്, പ്രമോഷൻ എന്നിവയിലുള്ള കുടിശ്ശിക (backlog) നികത്തും. പട്ടികജാതി (തസ്തികകളിലും സേവനങ്ങളിലുമുള്ള സംവരണം) ഭേദഗതി നിയമം റദ്ദാക്കും.
- സ്കോളർഷിപ്പുകള്, ഹോസ്റ്റൽ സംവിധാനങ്ങൾ എന്നിവ വർധിപ്പിച്ച് പട്ടികജാതിക്കാർക്കിടയിൽ ദൃശ്യമാകുന്ന സ്കൂൾ വിദ്യാഭ്യാസരംഗത്തുനിന്നുള്ള കൊഴിഞ്ഞുപോക്ക് കുറച്ചുകൊണ്ടുവരുന്നതിന് മുൻകൈയെടുക്കും.
- തോട്ടി ജോലി ചെയ്യുന്നവരുടെയും അടിമപ്പണിക്കാരുടെയും പൂർണമായ മോചനവും പുനരധിവാസവും ഉറപ്പാക്കും. ശുചീകരണ സേവന പ്രവർത്തനത്തിലെ കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തും.

**ആദിവാസികൾ**

- എല്ലാ ഗവൺമെൻറ് സേവനങ്ങളിലും പട്ടികവർഗക്കാർക്ക് സംവരണം ചെയ്യപ്പെട്ടിട്ടുള്ള തസ്തികകളിലെ ഒഴിവുകൾ നികത്തും. സ്വകാര്യമേഖലയിലേക്കു കൂടി സംവരണം വ്യാപിപ്പിക്കും.
- ആദിവാസികളുടെ ഭൂമിയിലുള്ള അവകാശങ്ങൾ സംരക്ഷിക്കുകയും അവരിൽനിന്ന് നിയമവിരുദ്ധമായി തട്ടിയെടുക്കപ്പെട്ടിട്ടുള്ള ഭൂമി തിരിച്ചു നൽകുകയും ചെയ്യും.
- 2006 ലെ പട്ടികവർഗ- മറ്റു പരമ്പരാഗത വനവാസി (വനാവകാശങ്ങൾ അംഗീകരിക്കല്) നിയമം പൂർണമായി നടപ്പിലാക്കും; പരമ്പരാഗത വനവാസികളെ കൂടി ഉൾപ്പെടുത്താവുന്ന വിധം യുക്തിപൂർണമായ നിർവചനത്തോടെ നിയമം ഭേദഗതി ചെയ്യും.
- ആവശ്യമെങ്കിൽ ആറും ഏഴും പട്ടികകളുടെ സംരക്ഷണം ലഭ്യമാക്കിക്കൊണ്ട്, ഗോത്രവർഗക്കാർ തിങ്ങി താമസിക്കുന്ന പ്രദേശങ്ങൾക്ക് സ്വയം ഭരണാവകാശം ഉറപ്പാക്കും. അഞ്ച്, ആറ് പട്ടികകളിൽപെട്ട പ്രദേശങ്ങളിലേക്ക് ജനാധിപത്യപരമായ പഞ്ചായത്ത് സംവിധാനം

വ്യാപിപ്പിക്കും.

- ഗോത്രവർഗ ഭാഷകളും ലിപികളും അംഗീകരിക്കുകയും അവയുടെ വികസനം ഉറപ്പാക്കുകയും ചെയ്യും. ഭരണഘടനയുടെ എട്ടാം പട്ടികയിൽ കോക് ബരാക് ഉൾപ്പെടുത്തും.
- ഗോത്രവർഗ പ്രദേശങ്ങളിൽ പൊതുവിതരണ സംവിധാനം, കുടിവെള്ള വിതരണ സംവിധാനം, ആരോഗ്യകേന്ദ്രങ്ങള്, സ്കൂളുകള്, ഹോസ്റ്റലുകൾ എന്നിവ വ്യാപിപ്പിക്കും.

**മറ്റു പിന്നോക്ക സമുദായങ്ങൾ**

- കേന്ദ്ര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 27% ഒബിസി സംവരണം ശരിയായി നടപ്പിലാക്കുമെന്ന് ഉറപ്പുവരുത്തും. എല്ലാ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും ഒബിസി സംവരണം വ്യാപിപ്പിക്കും.
- പിന്നോക്ക വർഗക്കാർക്കുള്ള ദേശീയ കമ്മീഷൻ ശക്തിപ്പെടുത്തും.
- ഒബിസി സാക്ഷ്യപത്രങ്ങൾ നൽകുന്നതിനുള്ള നടപടികൾ ലളിതവൽക്കരിക്കും.

**ന്യൂനപക്ഷങ്ങൾ**

- ന്യൂനപക്ഷങ്ങൾക്കെതിരായ വിവേചനം പരിഹരിക്കുന്നതിന് ആവശ്യമായ അധികാരങ്ങളോടെ ഒരു തുല്യാവസര കമ്മീഷൻ രൂപപ്പെടുത്തും.
- സച്ചാർ കമ്മിറ്റി ശുപാർശകൾ നടപ്പാക്കുന്നതിന് ഗോത്രവർഗ ഉപ പദ്ധതിയുടെ ചുവടുപിടിച്ചുകൊണ്ട് മുസ്ലിം ന്യൂനപക്ഷത്തിന് ഒരു ഉപ പദ്ധതി രൂപപ്പെടുത്തും. മുസ്ലിം ജനവിഭാഗം കേന്ദ്രീകരിച്ചിരിക്കുന്ന ജില്ലകളെ ലക്ഷ്യമാക്കിക്കൊണ്ട് ആരോഗ്യ, വിദ്യാഭ്യാസ, തൊഴിൽ രംഗങ്ങളിൽ പ്രത്യേക മുൻകൈ നടപടികൾ സ്വീകരിക്കും.
- രംഗനാഥമിശ്ര കമ്മീഷൻ റിപ്പോർട്ട് പരസ്യപ്പെടുത്തുകയും സമ്പൂർണ്ണമായ പൊതുചർച്ച ഉറപ്പുവരുത്തുകയും ചെയ്യും; ഒരു അടിയന്തിര നടപടിയെന്ന നിലയില്, മുസ്ലിം സമുദായത്തിലെ ഭൂരിഭാഗം വരുന്ന മറ്റു പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട മുസ്ലീങ്ങളെ, സംസ്ഥാനതലത്തിൽ പ്രത്യേക വകയിരുത്തലുകളോടെ ഒബിസി ക്വാട്ടയിൽ ഉൾപ്പെടുത്തും.
- ബാങ്കുകൾ മുൻഗണനാ മേഖലയിൽ നൽകുന്ന വായ്പകളിൽ 15% പ്രത്യേകമായി മുസ്ലിങ്ങൾക്കായി നീക്കിവെക്കും; സ്വയം തൊഴിലെടുക്കുന്ന മുസ്ലിം യുവാക്കൾക്ക് കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പ ഉറപ്പുവരുത്തും.
- മുസ്ലിം പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രത്യേകം ഊന്നൽ നൽകും; മുസ്ലിം വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പുകളും ഹോസ്റ്റൽ സൗകര്യങ്ങളും ഗണ്യമായി വർധിപ്പിക്കും.
- സ്കൂളുകളിൽ ഉറുദുപഠനം പ്രോൽസാഹിപ്പിക്കും; ഉറുദു ഭാഷയിൽ നല്ല നിലവാരമുള്ള പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ഉറുദു അധ്യാപക തസ്തികകളിൽ ഉള്ള ഒഴിവുകൾ നികത്തുകയും ചെയ്യും.

**മുതിർന്ന പൗരന്മാർ**

- ജീവിത ചെലവിനൊത്തവിധം എല്ലാ വിഭാഗത്തിലുംപെട്ട പെൻഷണർമാർക്കും പെൻഷൻ വർധിപ്പിക്കും; വിമുക്ത ഭടന്മാർക്ക് ഒരു റാങ്ക് ഒരു പെൻഷൻ നടപ്പിലാക്കും.
- സർക്കാർ സഹായത്തോടെ വൃദ്ധജന ഭവനങ്ങള്/ഡെ കെയർ സെൻററുകൾ എന്നിവയുടെ ഒരു

ശൃംഖല കെട്ടിപ്പടുക്കും.

- മുതിർന്ന പൗരന്മാരുടെ നിക്ഷേപങ്ങൾക്കും സേവിംഗ്സ് സ്കീമുകൾക്കും വേർതിരിവുള്ളതും ഉയർന്നതുമായ പലിശ നിരക്കുകൾ ഏർപ്പെടുത്തും.

**വ്യത്യസ്തമായ കഴിവുകളുള്ളവർ**

- അംഗവൈകല്യ നിയമം കൊണ്ടുവന്ന് ഇങ്ങനെയുള്ളവരെ ശക്തിപ്പെടുത്തും
- പൊതുമേഖലാ തൊഴിലുകളിൽ അംഗവൈകല്യമുള്ളവർക്കുള്ള സംവരണവും, ദാരിദ്ര്യ നിർമാർജന പരിപാടികള്, വിദ്യാഭ്യാസം എന്നിവയിലെ സംവരണവും ശരിയായ രീതിയിൽ നടപ്പിലാക്കും.
- എല്ലാ തരത്തിലുമുള്ള കെട്ടിടങ്ങള്, പൊതുസ്ഥലങ്ങള്, ട്രാൻസ്പോർട്ട്, വിവര മേഖല, മറ്റു മേഖലകൾ എന്നിവ അംഗവൈകല്യമുള്ളവർക്ക് പൂർണ്ണമായി പ്രയോജനപ്പെടുത്താൻ സൗകര്യം നൽകുകയും തടസ്സങ്ങൾ ഒഴിവാക്കുകയും ചെയ്യും.
- ഗവൺമെൻറ്, അംഗവൈകല്യമുള്ളവർക്ക് സഹായങ്ങളും ഉപകരണങ്ങളും സൗജന്യമായി നൽകുമെന്ന് ഉറപ്പുണ്ടാക്കും.

**യുവജനം**

- യുവാക്കളുടെ പ്രശ്നങ്ങൾക്ക് സമഗ്രമായ പരിഗണന നൽകിക്കൊണ്ട് ഒരു ദേശീയ യുവജനനയം അംഗീകരിക്കും.
- രാജ്യത്തിൻെറ എല്ലാ ഭാഗത്തും യുവാക്കൾക്ക് കായിക-സാംസ്കാരിക സൗകര്യങ്ങൾ നൽകുന്നതിന് ഉതകുന്ന ഒരു ശൃംഖല ഏർപ്പെടുത്തും.
- ഇന്ത്യയുടെ സാംസ്കാരിക വൈവിധ്യവും ദേശീയ ഐക്യവും പ്രോൽസാഹിപ്പിക്കുന്നതിന് ഉതകുന്ന വിധം നെഹ്റു യുവകേന്ദ്ര പുനഃസംഘടിപ്പിക്കും.

**ജനങ്ങളുടെ ക്ഷേമം**

**തൊഴിൽ ഉറപ്പ്**

- പ്രായപൂർത്തിയായ എല്ലാവരെയും ഉൾക്കൊള്ളാവുന്ന വിധവും തൊഴിൽദിനങ്ങൾ ആവശ്യത്തിന് നൽകാവുന്ന വിധവും തൊഴിലുറപ്പ് പദ്ധതി വ്യാപിപ്പിക്കും, നിയമനിർമാണത്തിലൂടെ തൊഴിലുറപ്പ് പദ്ധതി നഗര പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കും.
- ഗ്രാമ പ്രദേശങ്ങളിൽ ജനജീവിതം മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന എല്ലാ പ്രവർത്തനങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾക്കൊള്ളിക്കാവുന്ന തൊഴിലുകളുടെ പട്ടിക വികസിപ്പിക്കും.
- നിരക്കുകളുടെ പട്ടിക നീതിപൂർവ്വകവും വസ്തുനിഷ്ഠവുമാക്കിക്കൊണ്ട് കുറഞ്ഞ കൂലി ഉറപ്പുവരുത്തും; വേതനത്തിൻെറ ഒരു ഭാഗമായി ഭക്ഷ്യധാന്യങ്ങൾ കുറഞ്ഞ വിലയ്ക്ക് നൽകും.

**വിദ്യാഭ്യാസം**

- ജിഡിപിയുടെ 6% ആയി വിദ്യാഭ്യാസത്തിന്മേലുള്ള പൊതു ചെലവ് വർധിപ്പിക്കും.
- വിദ്യാഭ്യാസാവകാശ നിയമനിർമാണം നടത്തും; ഇതിൻെറ നടത്തിപ്പിനായി വരുന്ന സാമ്പത്തിക ബാധ്യതയുടെ സിംഹഭാഗവും കേന്ദ്ര ഗവൺമെൻറ് വഹിക്കും.
- കൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കാനുതകുന്ന വിധം സെക്കൻററി വിദ്യാഭ്യാസം

വികസിപ്പിക്കും. എസ്എസ്എ സ്കൂളുകളിൽ പശ്ചാത്തലസൗകര്യങ്ങളും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരവും മെച്ചപ്പെടുത്തും.

- ഫീസ്, അഡ്മിഷന്, കരിക്കുലം എന്നിവ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിയന്ത്രിക്കുന്നതിന് നിയമനിർമാണം നടത്തും.
- ഉന്നത വിദ്യാഭ്യാസ രംഗത്ത് വിദേശ പ്രത്യക്ഷ മൂലധന നിക്ഷേപം അനുവദിക്കുന്നതല്ല. വിദേശ വിദ്യാഭ്യാസ സജ്ജീകരണക്കാരെ സംബന്ധിച്ച ബിൽ റദ്ദാക്കും.
- ഇന്ത്യയുടെ സാമൂഹ്യവും സാംസ്കാരികവുമായ വൈവിധ്യം അംഗീകരിക്കുന്നതും പുരോഗമനപരവും ജനാധിപത്യപരവുമായ കരിക്കുലവും സിലബസും എല്ലാ വിദ്യാഭ്യാസതലത്തിലും അംഗീകരിക്കും.
- എലിമെൻററി സ്കൂൾ അധ്യാപകരുടെ ശമ്പളസ്കെയിൽ പുതുക്കും. വിദ്യാഭ്യാസരംഗത്ത് അനൗപചാരിക ജീവനക്കാരെ സ്ഥിരപ്പെടുത്തും.
- എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും വിദ്യാർത്ഥികള്, അധ്യാപകര്, അധ്യാപകേതര ജീവനക്കാർ എന്നിവരുടെ ജനാധിപത്യാവകാശങ്ങൾ ഉറപ്പുവരുത്തും. എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പ് നിർബന്ധിതമാക്കും.

**ആരോഗ്യം**

- ആരോഗ്യരംഗത്തെ പൊതുചെലവ് ജിഡിപിയുടെ 5 ശതമാനമായി ഉയർത്തും.
- അടിസ്ഥാനപരമായ എല്ലാ ആരോഗ്യ സേവനങ്ങളും ലഭ്യമാവുമെന്ന് ഉറപ്പാക്കുന്നവിധം പൊതു ആരോഗ്യ സംവിധാനം വികസിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും. സ്വകാര്യ-പൊതുമേഖല പങ്കാളിത്തത്തിലൂടെ ആരോഗ്യ സംരക്ഷണരംഗത്തെ സ്വകാര്യവൽക്കരണ പ്രവണത തിരുത്തി കുറിക്കും.
- പൊതു ആരോഗ്യസംവിധാനത്തിലൂടെ എല്ലാ അത്യാവശ്യ മരുന്നുകളുടേയും ക്രമമായ ലഭ്യത ഉറപ്പുവരുത്തും; എല്ലാ അത്യാവശ്യ മരുന്നുകളും വില നിയന്ത്രണത്തിന് കീഴിൽ കൊണ്ടുവരും; മരുന്നുകളുടെ അപകടകരമായ ചേരുവകൾ വിപണിയിൽനിന്ന് ഒഴിവാക്കും.
- അത്യാവശ്യ മരുന്നുകളുടെയും വാക്സിനുകളുടെയും പൊതുമേഖലാ ഉൽപാദനം പുനരുജ്ജീവിപ്പിക്കും.
- വൻകിട ഫാർമസ്യൂട്ടിക്കൽ കമ്പനികളുടെ വക തിരിവില്ലാത്ത ക്ലിനിക്കൽ പരീക്ഷണങ്ങൾ നിരോധിക്കും.
- ക്ലിനിക്കൽ പരീക്ഷണങ്ങൾക്ക് കർശനമായ നിയന്ത്രണങ്ങളും ചട്ടങ്ങളും ഏർപ്പെടുത്തും.

**നഗരങ്ങളിലെ പ്രശ്നങ്ങൾ**

- ആസൂത്രിത നഗരവൽക്കരണം പ്രോൽസാഹിപ്പിക്കും; നഗര പശ്ചാത്തല സൗകര്യരംഗത്ത് കൂടുതൽ പൊതുമുതൽമുടക്ക് നടത്തും. ആധുനികവും ചെലവുകുറഞ്ഞതുമായ പൊതു ഗതാഗത, പൊതുയാത്രാ സംവിധാനങ്ങൾ താങ്ങാവുന്ന ചെലവിൽ ഏർപ്പെടുത്തും.
- നഗരത്തിലെ ദരിദ്ര ജനവിഭാഗങ്ങൾക്ക് കുടിവെള്ളം, ശുചീകരണം, യാത്രാസൗകര്യം, റേഷൻഷാപ്പുകള്, ആരോഗ്യ സംവിധാനങ്ങള്, സ്കൂളുകൾ മുതലായ അടിസ്ഥാന സൗകര്യങ്ങൾ താങ്ങാവുന്ന ചെലവിൽ ഉറപ്പുവരുത്തും.
- ചേരി പൊളിക്കൽ നിർത്തിവെക്കും. ചേരികളിലെ സൗകര്യങ്ങൾ വികസിപ്പിക്കുമെന്ന് ഉറപ്പുവരുത്തും.

- സാമൂഹ്യമായും സാമ്പത്തികമായും ദുർബലരായ ജനവിഭാഗങ്ങൾക്ക് പ്രത്യേകിച്ചും വീട്ടു നിർമിച്ചു കൊടുക്കുന്നതിന് പൊതുവായി വകയിരുത്തൽ വർധിപ്പിക്കും. സമ്പന്ന വർഗങ്ങൾക്കുവേണ്ടിയുള്ള അനിയന്ത്രിതമായ റിയൽ എസ്റ്റേറ്റ് വികസനത്തിന് തടയിടും.

**പരിസ്ഥിതി**

- പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ (ഇഐഎ) പ്രക്രിയയെ സുതാര്യവും ഉത്തരവാദിത്വപൂർണ്ണവും നിക്ഷിപ്ത താൽപര്യങ്ങളിൽനിന്ന് വിമുക്തവുമാക്കും; 2009 ലെ ഇഐഎ പ്രഖ്യാപനം പുനഃപരിശോധനാ വിധേയമാക്കും.
- ഹരിതവാതകം പുറന്തള്ളുന്നതിനെ ഊർജ്ജ കാര്യക്ഷമ സാങ്കേതിക വിദ്യകളിലൂടെയും ഫലപ്രദമായ നിയന്ത്രണങ്ങളിലൂടെയും നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കും. സൗരോർജ്ജം, മറ്റു പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ എന്നിവ പ്രോൽസാഹിപ്പിക്കും.
- പ്രകൃതി ദുരന്ത നിവാരണ ഫണ്ടിലേക്കുള്ള കേന്ദ്ര നീക്കിയിരുപ്പ് വർധിപ്പിക്കും. പ്രകൃതി ദുരന്തങ്ങളും നാശങ്ങളും കൈകാര്യം ചെയ്യുന്നതിന് സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ നൽകും.
- ഫലപ്രദമായ നിയമ നിർമാണത്തിലൂടെ നദികളും മറ്റു ജലസംഭരണികളും മലിനീകരിക്കുന്നത് നിയന്ത്രണ വിധേയമാക്കും.
- തീരപ്രദേശ നിയന്ത്രണ നിയമവും ചതുപ്പുനില നിയന്ത്രണ അതോറിറ്റിയും ജനങ്ങളുടെ ദീർഘകാല താൽപര്യങ്ങളും പരിസ്ഥിതി താൽപര്യവും പ്രോൽസാഹിപ്പിക്കാവുന്ന വിധത്തിൽ നടപ്പിലാക്കും.

**ജലസ്രോതസ്സുകൾ**

- ആഭ്യന്തര ഉപഭോഗം, ജലസേചനം, വ്യവസായികാവശ്യങ്ങൾ എന്നിവക്ക് ജലലഭ്യത വർധിപ്പിക്കുന്നവിധം ഒരു ദേശീയ ജലനയം രൂപീകരിക്കും. എല്ലാ പാർപ്പിടമേഖലകൾക്കും ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിന് മുൻഗണന നൽകും.
- ജലസ്രോതസ്സുകളുടെ സ്വകാര്യവൽക്കരണവും വ്യാപാരവൽക്കരണവും നിയന്ത്രിക്കും. ഭൂഗർഭജല ദുരുപയോഗം കർശനമായ നിയന്ത്രണങ്ങളിലൂടെ തടയും.

**ശാസ്ത്ര - സാങ്കേതിക വിദ്യകൾ**

- സ്വാശ്രയത്വം പ്രോൽസാഹിപ്പിക്കുന്നതിന് ശാസ്ത്ര-സാങ്കേതികരംഗത്ത് സ്വദേശ ഗവേഷണത്തിനായി പൊതുമുതൽമുടക്ക് വർധിപ്പിക്കും. ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് നൽകുന്നതിൽ വികേന്ദ്രീകരണം ഏർപ്പെടുത്തും. ശാസ്ത്രരംഗത്ത് മൗലിക ഗവേഷണത്തിന് മുൻഗണന നൽകും.
- കോപ്പിറൈറ്റ് അല്ലെങ്കിൽ പാറ്റൻറ് തുടങ്ങി കുത്തക ഉടമസ്ഥാവകാശത്തിൽനിന്ന് സ്വതന്ത്രമായ സ്വതന്ത്ര സോഫ്റ്റ്‌വെയര്, മറ്റു പുതിയ സാങ്കേതികവിദ്യകൾ എന്നിവ പ്രോൽസാഹിപ്പിക്കും; ജൈവ സാങ്കേതികവിദ്യ, മരുന്നുകളുടെ കണ്ടുപിടുത്തം തുടങ്ങിയ വിജ്ഞാനശാഖകളിൽ ``പൊതുവിജ്ഞാന'' ("knowledge commons") സമീപനം പ്രോൽസാഹിപ്പിക്കും.
- പൊതുവായ ഫണ്ടു ഉപയോഗിക്കുന്ന പരീക്ഷണശാലകളിൽ വികസിപ്പിച്ചെടുക്കുന്ന ഉൽപന്നങ്ങൾക്ക് പാറ്റൻറിങ്ങ് അനുവദിക്കുന്ന പബ്ലിക് ഫണ്ടഡ് ആർ & ഡി ബിൽ റദ്ദാക്കും.
- ഇന്ത്യൻ ബൗദ്ധിക സ്വത്തവകാശ നിയമത്തിന് തികച്ചും അനുസൃതമായവിധം പ്രവർത്തിക്കും എന്ന് ഉറപ്പുവരുത്തത്തക്കവിധം പാറ്റൻറ് ആപ്പീസുകളുടെ പ്രവർത്തനം പുനഃക്രമീകരിക്കും.

ഇന്ത്യൻ പാറ്റൻറ് ആപ്പീസുകളിലെ ഉദ്യോഗസ്ഥർക്ക് യുഎസ്, യൂറോപ്യൻ പാറ്റൻറ് ആപ്പീസുകളിൽ പരിശീലനവും നവീകരണവും നൽകുന്നത് നിർത്തലാക്കും.

**സംസ്കാരം, മാധ്യമങ്ങൾ**

- ഭരണഘടനയുടെ എട്ടാം പട്ടികയിൽ പേരെടുത്തു പറഞ്ഞിട്ടുള്ള എല്ലാ ദേശീയ ഭാഷകളെയും തുല്യമായി പ്രോൽസാഹിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യും.
- മതനിരപേക്ഷ, പുരോഗമന ജനാധിപത്യ സംസ്കാരം പ്രോൽസാഹിപ്പിക്കും. സാംസ്കാരിക പ്രവർത്തകർ അവരുടെ കലാസൃഷ്ടികൾ എന്നിവക്കെതിരെ വർഗീയശക്തികൾ നടത്തുന്ന കടന്നാക്രമണങ്ങളെ ശക്തിയായി നേരിടും.
- അക്രമസംഭവങ്ങളെ മഹത്വവൽക്കരിക്കുന്നതും സ്ത്രീയെയും ലൈംഗികതയെയും ചരക്കുവൽക്കരിക്കുന്നതും അവസാനിപ്പിക്കും.
- ടിവി, റേഡിയോ എന്നിവയെ യഥാർത്ഥ പൊതു സംപ്രേഷണ സേവന സ്ഥാപനമാക്കി മാറ്റുന്നതിന് വേണ്ടി പ്രസാർ ഭാരതി കോർപ്പറേഷനെ ശക്തിപ്പെടുത്തും. പൊതു സംപ്രേഷണ സേവനങ്ങളിലൂടെ പ്രക്ഷേപണം ചെയ്യപ്പെടുന്ന പരിപാടികളിൽ സംസ്ഥാനങ്ങൾക്കും നിയന്ത്രണാധികാരം നൽകും.
- കുത്തകകളെ തടയുന്നതിനുവേണ്ടി മാധ്യമരംഗത്ത് ക്രോസ് മീഡിയ ഓണർഷിപ്പ് നിരോധിക്കും. അച്ചടി ഇലക്ട്രോണിക് മാധ്യമങ്ങളിൽ വിദേശ പ്രത്യക്ഷ നിക്ഷേപം അനുവദിച്ചത് ഇല്ലായ്മ ചെയ്യും.
- മാധ്യമരംഗത്ത് സ്വതന്ത്ര നിയന്ത്രണ അതോറിറ്റിയായി പ്രവർത്തിക്കാവുന്നവിധം ഒരു മീഡിയാ കൗൺസിൽ രൂപീകരിക്കും.

**സ്ഥാപനപരമായ പരിഷ്കാരങ്ങൾ**

**അഴിമതിക്കെതിരായ പോരാട്ടം**

- പ്രധാനമന്ത്രി, പാർലമെൻറംഗങ്ങള്, ജുഡീഷ്യറി എന്നീ ഉന്നത സ്ഥാനങ്ങളെയടക്കം ഉൾപ്പെടുത്തിക്കൊണ്ട് അഴിമതി നിർമാർജ്ജനത്തിനായി ലോക് പാൽ ബിൽ നിയമമാക്കും.
- കോർപ്പറേറ്റ് കുറ്റകൃത്യങ്ങൾ സമഗ്രാന്വേഷണത്തിന് വിധേയമാക്കാനുതകുംവിധം അന്വേഷണ ഏജൻസികളെയും മറ്റു നിയന്ത്രണാധികാരികളെയും ശക്തിപ്പെടുത്താൻ പറ്റുന്ന വിധത്തിൽ ആവശ്യമായ മാറ്റങ്ങൾ നിയമനിർമ്മാണം വഴി നടപ്പിലാക്കും.
- വിവരാവകാശ നിയമം ശക്തിപ്പെടുത്തും.

**ജുഡീഷ്യൽ പരിഷ്കാരങ്ങൾ**

- നിയമപരമായ ബാധ്യത, നിയമനം, സ്ഥലംമാറ്റം, ജഡ്ജിമാരുടെ ഡിസ്മിസൽ എന്നിവ കൈകാര്യം ചെയ്യുന്നതിന് ജുഡീഷ്യറി, എക്സിക്യൂട്ടീവ്, ലെജിസ്ലേച്ചര്, അഭിഭാഷകർ എന്നിവരുടെ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സ്വതന്ത്ര ഭരണഘടനാ സ്ഥാപനമായി പ്രവർത്തിക്കാവുന്ന ദേശീയ ജുഡീഷ്യൽ കമ്മീഷൻ രൂപീകരിക്കും.
- സാധാരണ ജനങ്ങൾക്ക് താങ്ങാവുന്ന ചെലവിൽ അടിയന്തിരാശ്വാസം ലഭിക്കാവുന്ന വിധം നീതിന്യായ സംവിധാനത്തെ പരിഷ്കരിക്കും. ജുഡീഷ്യറിയിൽ നിലനിൽക്കുന്ന ഒഴിവുകൾ നികത്തും.

- വ്യത്യസ്താഭിപ്രായങ്ങളെ അടിച്ചമർത്തുന്നതിന് ദുരുപയോഗം ചെയ്യാനാവാത്തവിധം കോടതിയലക്ഷ്യ നിയമത്തിൻെറ നിർവ്വചനത്തിൽ അനുയോജ്യമായ ഭേദഗതി വരുത്തും.
- ജഡ്ജിമാർ സ്വന്തം സ്വത്ത് പരസ്യമായി വെളിപ്പെടുത്തണമെന്നത് നിർബന്ധമാക്കും.

**തിരഞ്ഞെടുപ്പു കമ്മീഷനിലെ പരിഷ്കാരങ്ങൾ**

- പ്രധാനമന്ത്രി, പ്രതിപക്ഷനേതാവ്, സുപ്രിംകോടതി ചീഫ് ജസ്റ്റീസ് എന്നിവരടങ്ങിയ കമ്മിറ്റിയുടെ ഉപദേശാനുസരണമായിരിക്കണം പ്രസിഡണ്ട് തെരഞ്ഞെടുപ്പു കമ്മീഷൻ അംഗങ്ങളെ നിയോഗിക്കേണ്ടത്.
- അടുത്തുൺ പറ്റിയതിനുശേഷം തെരഞ്ഞെടുപ്പു കമ്മീഷൻ അംഗങ്ങൾ ഗവൺമെൻറിന് കീഴിലോ, ഗവർണറായോ എംപിയായോ പ്രവർത്തിക്കുന്നത് നിയമപരമായി നിരോധിക്കണം.
- തെരഞ്ഞെടുപ്പു നിരീക്ഷകരുടെ അധികാരപരിധി വ്യക്തമാക്കുന്നവിധം ജനപ്രാതിനിധ്യ നിയമം ഭേദഗതി ചെയ്യേണ്ടതുണ്ട്.
- ക്രമസമാധാനരംഗത്ത് തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന ഗവൺമെൻറുമായി ഏറ്റുമുട്ടലുകൾ ഒഴിവാക്കുന്നതിനായി ആ രംഗത്ത് തെരഞ്ഞെടുപ്പു കമ്മീഷൻെറ അധികാര പരിധി നിശ്ചയിക്കുന്നതിനായി ഭരണഘടനാ ഭേദഗതി കൊണ്ടുവരും.

**തിരഞ്ഞെടുപ്പു പരിഷ്കാരങ്ങൾ**

- ഭാഗികമായ പട്ടിക സംവിധാനത്തോടെ ആനുപാതിക പ്രാതിനിധ്യ സംവിധാനം.
- തെരഞ്ഞെടുപ്പിൽ മൽസരിക്കുന്നതിൽനിന്ന് ക്രിമിനൽ പശ്ചാത്തലമുള്ളവരെ നിരോധിക്കുന്നതിന് ഫലപ്രദമായ നടപടികള്.
- അംഗീകരിക്കപ്പെട്ട രാഷ്ട്രീയ പാർടികൾക്ക് സാധനങ്ങളുടെ രൂപത്തിൽ ഭരണകൂടത്തിൽനിന്ന് ധനസഹായം.
- രാഷ്ട്രീയ പാർടികൾക്ക് കോർപ്പറേറ്റ് ധനസഹായം നിരോധിക്കല്.